# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഒക്ടോബർ 17 | ദീപം 57 | നാളം 32 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


### പോകുവിൻ, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ. 22:9)

# ഭൂമിയുടെ അതിർത്തികൾവരെ



**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024 ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം**

ഈ വർഷത്തെ ആഗോള പ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ. 22:1–14). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോടു പറഞ്ഞു: ''അതിനാൽ, നിങ്ങൾ വഴിക്കവലകളിൽചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ'' (22.9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്കു വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലികപ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മകസഞ്ചാരത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, 'കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്നതുമാണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമദൗത്യത്തിനു പുനരൂന്നൽകൊടുക്കാനാണു ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

**'പോയി ക്ഷണിക്കുവിൻ'**

രാജാവ് തന്റെ സേവകരോടു കല്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: 'പുറത്തേക്കു പോകുക,' 'ക്ഷണിക്കുക' എന്നീ രണ്ടു ക്രിയകൾ.

പ്രേഷിതദൗത്യം എന്നുപറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടുന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനുവേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപ്പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചുപുറപ്പെട്ടു; അവിടുന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപ്പോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ. 10:16). തന്റെ ഉത്ഥാനത്തിനുമുമ്പും പിമ്പും അവിടുന്ന് തന്റെ ശിഷ്യരോടു പറഞ്ഞു, ''പോകുവിൻ'; അങ്ങനെ അവിടുന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ. 16:15). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർത്തിച്ചു ചെയ്യുന്ന പ്രവൃത്തിയായിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്കു പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കുപോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയസ്നേഹിതരേ, 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ. 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (Ad Gentes) പ്രേഷിതദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവത്കരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്കു തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് 'പോകാൻ' മാത്രമായിരുന്നില്ല; മറിച്ച്, 'ക്ഷണിക്കാനും' ആയിരുന്നു: 'വിവാഹവിരുന്നിനു വരുക' (മത്താ. 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരുവശം കാണാനാകും. അതായത്, നമുക്കു സങ്കല്പിക്കാവുന്നതുപോലെ, അടിയന്തരപ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം, വലിയ ആദരവോടും ദയയോടുംകൂടിയും. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പം കൊണ്ടും അനുകമ്പകൊണ്ടും ആർദ്രതകൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

**വിവാഹാഘോഷത്തിലേക്ക്**

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു.

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്കു യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, 'കർത്താവ് അടുത്തെത്തിയിരിക്കുന്നു' എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവത്കരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുന്നവരുടെപ്രത്യാശയോടെ അതു ചെയ്യാനും നമുക്കു സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ 'വിരുന്നുകൾ' വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്കു ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുകയെന്നതത്രേ.

▶ 12

# മോൺ. ജോർജ് കൂവക്കാട്ട് കർദിനാൾ

## വൈദികപദവിയിൽനിന്നു നേരിട്ടു കർദിനാളാകുന്ന ആദ്യ ഇന്ത്യക്കാരൻ

**ഇ**ന്ത്യയിൽനിന്ന് ഇതാദ്യമായി ഒരു വൈദികൻ നേരിട്ടു കർദിനാൾപദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു - മോൺ. ജോർജ് ജേക്കബ് കൂവക്കാട്ട്. ഇന്ത്യയിൽനിന്നുള്ള ഏറ്റവും പ്രായംകുറഞ്ഞ കർദിനാൾ എന്ന സവിശേഷതയും മോൺ. കൂവക്കാട്ടിനു സ്വന്തം.

ഇദ്ദേഹമുൾപ്പെടെ 21 കർദിനാൾമാരെയാണ് ഫ്രാൻസിസ് പാപ്പാ കത്തോലിക്കാസഭയിലേക്കു പുതുതായി നിയമിച്ചിരിക്കുന്നത്. ഇന്ത്യയ്ക്കു പുറമേ ഇറാൻ, ഇറാക്ക്, ഇന്തോനേഷ്യ, ജപ്പാൻ, ഫിലിപ്പീൻസ് തുടങ്ങിയ ഏഷ്യൻരാജ്യങ്ങളിൽനിന്നുള്ളവരും കർദിനാൾമാരുടെ പട്ടികയിലുണ്ട്. ഡിസംബർ എട്ടിന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ കർദിനാൾമാരുടെ സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കും. മോൺ. ജോർജ് കൂവക്കാട്ടിന്റെ മെത്രാഭിഷേകം അതിനു മുമ്പായി നടത്തപ്പെടും.

2006 മുതൽ വത്തിക്കാൻ വിദേശകാര്യസർവീസിൽ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചുവരുന്ന മോൺ. ജോർജ് കൂവക്കാട്ട് 2020 മുതൽ ഫ്രാൻസിസ് പാപ്പായുടെ വിദേശ അപ്പസ്തോലികയാത്രകളുടെ മുഖ്യസംഘാടകനായി പ്രവർത്തിച്ചുവരുകയായിരുന്നു.



*നിയുക്ത കർദിനാൾ മോൺ. ജോർജ് കൂവക്കാട്ട് ഫ്രാൻസിസ് മാർപ്പാപ്പായോടൊപ്പം.*

1973 ഓഗസ്റ്റ് 11 ന് ചങ്ങനാശേരി അതിരൂപതയിലെ മാമ്മൂട് ഇടവക കൂവക്കാട്ട് ജേക്കബ് വറുഗീസ് - ലീലാമ്മ ദമ്പതികളുടെ മൂത്തമകനാണു ലിജിമോൻ എന്നു വിളിക്കുന്ന മോൺ. ജോർജ് കൂവക്കാട്ട്. ലിറ്റി, ടിജി എന്നിവരാണു സഹോദരങ്ങൾ. ചെത്തിപ്പുഴ ആശ്രമം പ്രിയോർ ഫാ. തോമസ് കല്ലുകളം സി.എം. ഐ. മോൺ. കൂവക്കാടിന്റെ മാതൃസഹോദരനാണ്. 2004 ൽ ചങ്ങനാശേരി അതിരൂപതയ്ക്കുവേണ്ടി മാർ ജോസഫ് പവ്വത്തിലിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന്, റോമിലെ സാന്താക്രോച്ചേ യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും കാനൻനിയമത്തിൽ ഡോക്ടറേറ്റും സ്വന്തമാക്കി. ഉന്നതവിദ്യാഭ്യാസത്തിനുശേഷം വത്തിക്കാന്റെ നയതന്ത്രസേവനവിഭാഗത്തിൽ പ്രവേശിച്ചു. അൾജീറിയ, ദക്ഷിണകൊറിയ, ഇറാൻ, കൊസ്റ്ററിക്ക, വെനസ്വേല എന്നിവിടങ്ങളിലെ വത്തിക്കാൻ കാര്യാലയങ്ങളിൽ വിവിധ തസ്തികകളിൽ സേവനം ചെയ്തുവരവേ 2020 ൽ ഫ്രാൻസിസ് മാർപാപ്പായുടെ വിദേശയാത്രകളുടെ സംഘാടനച്ചുമതല അദ്ദേഹത്തിനു നല്കി.



പാവപ്പെട്ടവർക്കു ശുശ്രൂഷ ചെയ്യാനാണു താൻ സെമിനാരിയിൽ ചേർന്നതെന്നു നിയുക്ത കർദിനാൾ മോൺ. ജോർജ് കൂവക്കാട്ട് പറഞ്ഞു. ഫ്രാൻസിസ് മാർപ്പാപ്പയുടെ ദുർബലനോടും പാവപ്പെട്ടവരോടും വയോധികരോടുമുള്ള സ്നേഹം അടുത്തു കാണാനും ആ ശൈലിയിൽ കൂടുതൽ ആഴപ്പെടാനും കഴിഞ്ഞവർഷങ്ങളിൽ സാധിച്ചു. എളിയ രീതിയിൽ വിവിധ രാജ്യങ്ങളിൽ ചെയ്ത എളിയ ശുശ്രൂഷകൾക്കു ദൈവം തന്ന കൃപയായാണ് ഈ ദാനത്തെ കാണുന്നത്. പവ്വത്തിൽ പിതാവിന്റെ കബറിടത്തിൽ പോയി പ്രാർഥിച്ചുവേണം ഈ ദാനം സ്വീകരിക്കാനെന്നു താൻ ആഗ്രഹിക്കുന്നതായും മോൺ കൂവക്കാട്ട് പറഞ്ഞു.

കേരളത്തിൽനിന്നുള്ള ആറാമത്തെയും സീറോ മലബാർ സഭയിൽനിന്നുള്ള അഞ്ചാമത്തെയും കർദിനാളാണു മോൺ. കൂവക്കാട്ട്. മാർ ജോസഫ് പാറേക്കാട്ടിലാണ് ആദ്യമായി കേരളത്തിൽനിന്ന കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. തുടർന്ന്, മാർ ആന്റണി പടിയറ, മാർ വർക്കി വിതയത്തിൽ, മാർ ജോർജ് ആലഞ്ചേരി, മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ എന്നിവരും കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

മാർ ജോർജ് ആലഞ്ചേരിയും മാർ ക്ലീമിസ് കാതോലിക്കാബാവയും കൂടാതെ മുംബൈ ആർച്ചുബിഷപ് ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, ഗോവ ആർച്ചു ബിഷപ് ഡോ. ഫിലിപ്പ് നേരി ഫെറാവേ, ഹൈദ്രാബാദ് ആർച്ചുബിഷപ് ഡോ. ആന്റണി പുല എന്നിവരാണ് ഇന്ത്യയിൽനിന്നുള്ള നിലവിലെ കർദിനാൾമാർ. ഇപ്പോൾ കത്തോലിക്കാസഭയിൽ വിരമിച്ചവരുൾപ്പെടെ 235 കർദിനാൾമാരാണുള്ളത്. ഇതിൽ 122 പേർക്കാണ് മാർപാപ്പായെ തിരഞ്ഞെടുക്കാനുള്ള വോട്ടവകാശമുള്ളത്. 80 വയസ്സു കഴിഞ്ഞ കർദിനാൾമാർക്ക് വോട്ടവകാശമില്ല.

നിയുക്തകർദിനാൾ മോൺ. കൂവക്കാട് ഒക്ടോബർ 24 ന് നാട്ടിലെത്തും. 31 ന് ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ചു ബിഷപ് മാർ തോമസ് തറയിലിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുക്കും.

സീറോ മലബാർ സഭയെയും ചങ്ങനാശേരി അതിരൂപതയെയും സംബന്ധിച്ച് അഭിമാനം പകരുന്നതാണു പുതിയ നിയമനം.

### വല്യമ്മച്ചിയുടെ അരുമക്കുഞ്ഞ്

മോൺ. ജോർജ് കൂവക്കാട്ടിനെ ദൈവവിളിയിലേക്കു നയിച്ചതിൽ വല്യമ്മച്ചി ശോശാമ്മയുടെ പ്രാർഥനയും വാത്സല്യവും വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നു വീട്ടുകാർ പറഞ്ഞു.

കൊച്ചുന്നാൾ മുതൽ ലിജിമോൻ എന്ന ജോർജ് കൂവക്കാട്ട് അമ്മ ലീലാമ്മയുടെ വടക്കേക്കരയിലുള്ള വീട്ടിൽ വല്യമ്മച്ചി ശോശാമ്മയുടെ പരിചരണത്തിലാണു വളർന്നത്. എസ്.ബി. കോളജിൽ ബിഎസ്സി പഠിക്കുമ്പോഴും വല്യമ്മച്ചിയുടെ തണൽ കൂട്ടിനുണ്ടായിരുന്നു. ഇതിനുശേഷമാണ് കുറിച്ചി മൈനർ സെമിനാരിയിൽ ചേർന്നത്. 96 കാരിയായ ശോശാമ്മ വടക്കേക്കര കല്ലുകളം വീട്ടിലാണു താമസം.

വല്യമ്മച്ചിയുമായി വലിയ ആത്മബന്ധം പുലർത്തിയിരുന്ന കൊച്ചുമകൻ വത്തിക്കാനിലെ ജോലിത്തിരക്കിനിടയിലും വല്യമ്മച്ചിയെ കൂടെക്കൂടെ വിളിക്കാൻ മറന്നിരുന്നില്ല.

അടുത്തിടെ ഫ്രാൻസിസ് മാർപാപ്പാ ശോശാമ്മയെ വീഡിയോ കോളിൽ വിളിച്ചു സംസാരിച്ചതും പ്രാർഥനാനുഗ്രങ്ങൾ നേർന്നതും മാധ്യമങ്ങളിൽ ഏറെ ശ്രദ്ധ നേടിയിരുന്നു.

# ദളിത് ക്രൈസ്തവ മഹാസമ്മേളനവും ദേശീയസിമ്പോസിയവും

## നവംബർ 17 ഞായറാഴ്ച രാമപുരത്ത്

പാലാ രൂപത പ്ലാറ്റിനം ജൂബിലിയും ഡി.സി.എം.എസ്. സപ്തതിവർഷവും പ്രമാണിച്ച് നവംബർ 17 ഞായറാഴ്ച രാമപുരത്ത് ദേശീയ സിമ്പോസിയവും ദളിത് ക്രൈസ്തവമഹാസമ്മേളനവും സംഘടിപ്പിക്കുന്നു.

രാവിലെ ഒമ്പതിന് സെന്റ് അഗസ്റ്റിൻസ് പാരീഷ്ഹാളിൽ നടക്കുന്ന ദേശീയ സിമ്പോസിയം കെ.സി.ബി.സി. എസ്.സി, എസ്.ടി, ബി.സി. കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്യും. പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷതവഹിക്കും.

'ദളിത് ക്രൈസ്തവരുടെ നിജസ്ഥിതിയും ശക്തീകരണവഴികളും', 'ദളിത് ക്രൈസ്തവവിമോചനത്തിന്റെ സമഗ്രത സഭയിൽ', 'വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ - ദളിത്ക്രൈസ്തവരുടെ മാർഗദർശി എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ. സിജോ ജേക്കബ്, റവ. ഡോ. ജോർജ് വറുഗീസ് ഞാറക്കുന്നേൽ, ബിനോയി ജോൺ എന്നിവർ പ്രബന്ധങ്ങളവതരിപ്പിക്കും. വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ മോഡറേറ്ററായിരിക്കും.

ഉച്ചകഴിഞ്ഞു രണ്ടുമണിക്ക് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ നഗറിൽ നടക്കുന്ന ദളിത് ക്രൈസ്തവമഹാസമ്മേളനം ചങ്ങനാശ്ശേരി അതിരൂപത നിയുക്ത മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യും. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. കേന്ദ്രന്യൂനപക്ഷക്ഷേമ, ഫിഷറീസ് വകുപ്പുമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കും. ബിഷപ് ഗീവർഗീസ് മാർ അപ്രേം അനുഗ്രഹപ്രഭാഷണം നിർവഹിക്കുന്നതും കേരള ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ ജൂബിലി സന്ദേശം നല്കുന്നതുമാണ്. ഡി.സി.എം.എസ്. പാലാ രൂപത പ്രസിഡന്റ് ബിനോയി ജോൺ മുഖ്യപ്രഭാഷണം നടത്തും.

രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫൊറോന വികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ, ഡി.സി. എം.എസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേക്കുറ്റ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകും.

ദളിത് കത്തോലിക്കാ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനോടൊപ്പം അവരെ വിദ്യാഭ്യാസപരമായും ആത്മീയമായും ഉയർത്തുകയും സാമൂഹികസാമ്പത്തികരാഷ്ട്രീയമേഖലകളിൽ കരുത്തുറ്റവരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണു വിവിധ പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നത്.

# അരങ്ങും തരങ്ങും



ഡോ. തോമസ് മൂലയിൽ

റെയിൽപ്പാളത്തിൽ ചതഞ്ഞരഞ്ഞ ഒരു ജഡം! പലരും ആ ജഡം കണ്ടു കടന്നുപോയി. എന്നാൽ, അതിലേവന്ന ഒരാൾ കുറെയേറെ നേരം നിർന്നിമേഷനായി ആ ജഡം നോക്കിനിന്നു. അതു തന്റെ സുഹൃത്തിന്റെ കാമുകിയുടേതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ആ കാഴ്ച അദ്ദേഹത്തിന്റെ അന്തരാളങ്ങളിൽ ഒരു തീപ്പൊരിയിട്ടു. അതു കത്തിപ്പടർന്ന് ഒരു അഗ്നികുണ്ഡമായി മാറി. അതാണ് ടോൾസ്റ്റോയിയുടെ 'അന്നാ കരെനീന' എന്ന ലോകപ്രസിദ്ധ നോവൽ! ടോൾസ്റ്റോയിക്കുമാത്രമേ ആ കാഴ്ചയെ നോവലാക്കി മാറ്റാൻ കഴിഞ്ഞുള്ളൂ. ആ ദൃശ്യം കണ്ട മറ്റാർക്കും സാധിക്കാത്തതു ടോൾസ്റ്റോയിക്കുമാത്രം സാധ്യമായി. നോവില്ലാതെ നോവലോ ശോകമില്ലാതെ ശ്ലോകമോ ഉണ്ടാവില്ല എന്ന ചൊല്ലിന്റെ പൊരുൾ അതാണ്.

ഒരു കഥാകൃത്തിന്റെ ഹൃദയത്തിൽ വീഴുന്ന കഥാബീജത്തെ മനസ്സുകൊണ്ടു മനനം ചെയ്തും ഭാവനയിൽ ചാലിച്ചുമൊക്കെയാണ് കഥയുണ്ടാകുന്നത്. ഗർഭസ്ഥശിശു അമ്മയുടെ ഉദരത്തിൽ വളർന്നു പൂർണരൂപം പ്രാപിക്കുന്നതുപോലുള്ള ഒരു പ്രക്രിയയാണിത്. കഥ പ്രകാശിതമാകുന്നതു കഥാപാത്രങ്ങളിലൂടെയാണ്. കഥാപാത്രങ്ങളുടെ വികാരവിചാരങ്ങളെ ആവാഹിച്ചെടുത്തു പ്രേക്ഷകരെ ആകർഷിക്കത്തക്കവിധം നടീനടന്മാർ വേദിയിലവതരിപ്പിക്കുമ്പോഴാണ് ഒരു നാടകമോ സിനിമയോ ഒക്കെ വിജയിക്കുന്നത്.

ടോൾസ്റ്റോയി അന്നാ കരെനീന എഴുതിയതു സിനിമ നിർമിക്കാൻവേണ്ടിയായിരുന്നില്ല. അന്നാ കരെനീന എഴുതാതിരിക്കാൻ പറ്റാത്ത ഒരു മാനസികാവസ്ഥയിൽ അദ്ദേഹമെത്തിയെന്നതാണു യാഥാർഥ്യം. ഷേക്സ്പിയറോ ബർണാർഡ്ഷായോ കാളിദാസനോ നാടകമെഴുതിയതും സിനിമയ്ക്കുവേണ്ടിയായിരുന്നില്ല. എന്തിന്, കാലടി ഗോപി ഏഴു രാത്രികളെഴുതിയതും തോപ്പിൽ ഭാസി അശ്വമേധം എഴുതിയതും സിനിമയ്ക്കുവേണ്ടിയായിരുന്നില്ല. പക്ഷേ, അവ സിനിമയായി. അത് ആ രചനകളുടെ സവിശേഷതകൊണ്ട്! അതുപോലെ, പല നോവലും സിനിമയായിട്ടുണ്ട്. ഉദാഹരണത്തിന്, ബഷീറിന്റെ മതിലുകൾ, തകഴിയുടെ ചെമ്മീൻ, മുട്ടത്തുവർക്കിയുടെ പാടാത്ത പൈങ്കിളി.

മലയാളസിനിമയ്ക്ക് ഒരു നല്ല കാലമുണ്ടായിരുന്നു. ഒട്ടേറെ മഹത്തരങ്ങളായ ചിത്രങ്ങൾ സംഭാവന ചെയ്യാൻ കൈരളിക്കു കഴിഞ്ഞിട്ടുണ്ട്. ആ സിനിമകളൊന്നും തട്ടിക്കൂട്ടുസിനിമകളോ കച്ചവടസിനിമകളോ ആയിരുന്നില്ല. ജനത്തെ സംസ്കാരസമ്പന്നരാക്കുന്ന ദൗത്യമാണ് ആ സിനിമകൾ നിർവഹിച്ചത്. കഥയുടെ കെട്ടുറപ്പും സ്വാഭാവികതയും ആസ്വാദ്യതയുമെല്ലാം ആവോളം ആ സിനിമകളിലുണ്ടായിരുന്നു. മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കുന്ന ചേരുവകൾ അവയിലുണ്ടായിരുന്നു.

ഏതാണ്ട് എഴുപതുവർഷംമുമ്പ് ഞാൻ ബാലനായിരിക്കുമ്പോൾ കണ്ട സിനിമയിലെ ഒരു രംഗം ഇപ്പോഴും മനസ്സിൽ തളിരിട്ടുനില്ക്കുന്നു. ഒരു ചായക്കട! ഒരു പഴക്കുല കെട്ടിത്തൂക്കിയിരിക്കുന്നതു വ്യക്തമായിക്കാണാം. ചായക്കടക്കാരൻ ചായക്കപ്പ് പൊക്കിയൊഴിച്ച് ആറ്റിക്കൊണ്ടിരിക്കുന്നു. അപ്പോൾ മെലിഞ്ഞുശോഷിച്ച ഒരു പയ്യൻ പാത്തുപാത്തുവന്ന് പഴക്കുലയിൽനിന്ന് ഒരു പഴം ഇരിഞ്ഞുകൊണ്ടോടുന്നു. ചായക്കടക്കാരൻ ചായയടി നിർത്തി അവന്റെ പിറകേ ഓടി, അവനെ പിടിച്ചു നിർത്തി പൊതിരെ തല്ലുന്നു. അതിലേവന്ന ഒരു കാളവണ്ടിക്കാരൻ ഈ കാഴ്ച കണ്ടു വണ്ടിനിർത്തി ഓടിച്ചെന്ന് ബാലനെ രക്ഷിക്കുന്നു. എന്നിട്ട്, അയാൾ ചായക്കടക്കാരന്റെ കൂടെ ചെന്ന് ആ പഴക്കുലയുടെ വില ചോദിക്കുന്നു. പറഞ്ഞ വില കൊടുത്ത് അതു വാങ്ങി ആ പയ്യന് ഇരിഞ്ഞുകൊടുക്കുന്നു. അതുകണ്ട കുട്ടികൾ ഓടിക്കൂടുന്നു.

ഒരു ഈരടി പാടിക്കൊണ്ട് അയാൾ കുട്ടികൾക്കെല്ലാവർക്കും പഴം ഇരിഞ്ഞു കൊടുക്കുന്നു. ഈരടിയിങ്ങനെ:

മർത്ത്യനു വലുതാണു വയറാണു ദൈവം

പാവങ്ങൾക്കു ചോറാണു കറിയാണു ദൈവം.

ആ കാളവണ്ടിക്കാരൻ അക്കാലത്തെ മഹാനടൻ സത്യനാണെന്നുമാത്രം എനിക്കറിയാം. കഥയുടെ പേരോ കഥയുടെ ഉള്ളടക്കമോ ഒന്നും എന്റെ മനസ്സിലില്ല. പക്ഷേ, ആ രംഗം എന്റെ മനസ്സിൽ പതിഞ്ഞു. അതിപ്പോഴും തളിരിട്ടുനില്ക്കുന്നു. അതാണു സിനിമയുടെ തനിമ! പ്രേക്ഷകന്റെ അന്തരാളങ്ങളിലേക്ക് ആഴ്ന്നിറങ്ങി അവിടെ ചലനങ്ങൾ സൃഷ്ടിക്കാൻ സിനിമയ്ക്കു കഴിയണം. പ്രേക്ഷകനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യണം.

ഒരു നല്ല കഥ ഉണ്ടായതുകൊണ്ടുമാത്രം ഒരു നാടകമോ സിനിമയോ വിജയിക്കില്ല. അതിന് ഒട്ടേറെ ഘടകങ്ങൾ ചേരുംപടി ചേരണം. സംവിധായകനാണ് ഏറ്റവും പ്രധാനപ്പെട്ട റോളുള്ളത്. അതുപോലെതന്നെ, പ്രധാനപ്പെട്ട ഘടകമാണ് മികവുറ്റ നടീനടന്മാർ. വേഷവിധാനം, രംഗസജ്ജീകരണം, ശബ്ദവും വെളിച്ചവും മുതലായ മറ്റു ഘടകങ്ങളും പ്രധാനപ്പെട്ടവതന്നെ. ഒരു നല്ല കഥാകൃത്ത് നല്ല സംവിധായകനും അഭിനേതാവുമൊക്കെയായിരിക്കണം. മറിച്ചും, നല്ല അഭിനേതാവിനും സംവിധായകനുമെല്ലാം മേല്പറഞ്ഞ ഘടകങ്ങളിലൊക്കെ പ്രാവീണ്യമുണ്ടായിരിക്കണംതാനും. സംവിധാനസമ്രാട്ട് എന്നു വിശേഷിപ്പിക്കാവുന്ന അടൂർ ഗോപാലകൃഷ്ണന് ഇപ്പറഞ്ഞ സിദ്ധികളെല്ലാം അവയുടെ പൂർണതയിൽത്തന്നെയുണ്ടെന്നു പറയാമെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ മിക്കവാറും സിനിമകളുടെയും കഥയും സംവിധാനവും നിർമാണവുമെല്ലാം അദ്ദേഹത്തിന്റേതുതന്നെയാണ്. എലിപ്പത്തായം, മുഖാമുഖം, കൊടിയേറ്റം, സ്വയംവരം മുതലായവയെല്ലാം എഴുതിയതും സംവിധാനം ചെയ്തതും നിർമിച്ചതുമെല്ലാം അദ്ദേഹംതന്നെ. മഹാനടൻ തിലകനും ഈ സിദ്ധിവിശേഷമുള്ളയാളാണ്. ഇവരൊന്നും ഒറ്റദിവസംകൊണ്ട് ആർജിച്ചെടുത്ത കഴിവുകളല്ല. തിലകൻ രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾമുതൽ അഭിനയം തുടങ്ങിയതാണെന്നദ്ദേഹം പറഞ്ഞിട്ടുണ്ട്. എസ്.എൻ. കോളജിൽ പഠിക്കുമ്പോൾ കോളജിനെ പ്രതിനിധീകരിച്ച് പ്രഫ. എസ്. ഗുപ്തൻനായർസാറിന്റെകൂടെ ഡൽഹിയിൽ പോയി നാടകം അവതരിപ്പിച്ച്, ഇന്ത്യൻപ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പ്രശംസ പിടിച്ചുപറ്റിയതായും അദ്ദേഹം പറയുന്നുണ്ട്. പിന്നീടങ്ങോട്ടുള്ള പ്രയാണത്തിൽ നാടകരംഗത്തും സിനിമാരംഗത്തും ഒരുപോലെ തിളങ്ങി അദ്ഭുതം സൃഷ്ടിച്ചയാളാണ്. അഭിനയത്തിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള കാർക്കശ്യം പല വമ്പന്മാർക്കും അതൃപ്തി സൃഷ്ടിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം അതൊന്നും വകവച്ചിട്ടില്ല. കാരണം, കലയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അത്ര ശക്തമായിരുന്നു.

ഒരിക്കൽ പി.ജെ. ആന്റണി സംവിധാനം ചെയ്ത സിനിമയിൽ അദ്ദേഹം ഉദ്ദേശിച്ച നടൻ അവസാനമുഹൂർത്തത്തിൽ പിന്മാറിയപ്പോൾ തിലകനെ വിളിച്ചു. പതിവുശൈലിയിൽ ആന്റണി പറഞ്ഞു, റിഹേഴ്സലിൽ പ്രോമ്റ്റിങ്ങില്ല എന്ന്. തന്റെ റോളിനോടുള്ള കൂറുമൂലം അദ്ദേഹം പറഞ്ഞു, അവസാനനിമിഷം വന്ന തനിക്ക് അതു സാധ്യമല്ലെന്ന്. ശാഠ്യം മൂർച്ഛിച്ചപ്പോൾ വഴങ്ങി. ഒരു തവണ ആവാമെന്ന് ആന്റണി പറഞ്ഞു. ഒറ്ററിഹേഴ്സൽ കഴിഞ്ഞു പിറ്റേന്നുള്ള റിഹേഴ്സലിൽ വള്ളിപുള്ളി മാറ്റം വരാതെ, ഗംഭീരമായി അഭിനയിച്ച് തിലകൻ ആന്റണിയുടെ കൈയടി നേടി. നാടകമാണെങ്കിലും സിനിമയാണെങ്കിലും ചില ചിട്ടകളും നിഷ്ഠകളും കൂടിയേ തീരൂ. ഒരിക്കൽ അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സിനിമയുടെ ഫൈനൽ ഷൂട്ടിങ് നടക്കുകയാണ്. മമ്മൂട്ടി വേഷമിട്ടു റെഡിയായി നില്ക്കുമ്പോൾ, അദ്ദേഹത്തെ ബുക്കുചെയ്യാനായി പല സംവിധായകരും വന്നുനില്ക്കുന്നു. അടൂർ മമ്മൂട്ടിയെ വിളിച്ചുപറഞ്ഞു, ഇതു ഞാൻ സമ്മതിക്കില്ല എന്ന്. മമ്മൂട്ടി വഴങ്ങി; വന്നവർ ഇളിഭ്യരായി മടങ്ങി. ഇതൊക്കെയാണ് നമ്മുടെ നല്ല നാടകങ്ങളുടെയും സിനിമകളുടെയുമൊക്കെ വിജയത്തിനു കാരണമായത്.

പക്ഷേ, ഇന്നോ? ഇന്ന് എല്ലാം കച്ചവടം, വെട്ടിക്കൂട്ടും തട്ടിക്കൂട്ടും തരികിടയും! കഥയില്ലാക്കഥകളാണു പലതും. കഥാകൃത്തിന്റെ ഉള്ളിൽത്തട്ടിയ സംഭവങ്ങളൊന്നുമായിരിക്കയില്ല പ്രമേയങ്ങൾ. കഥാകൃത്തിന്റെ മനസ്സിൽതട്ടിയില്ല മടിയിൽ തട്ടിയാണു കഥ ജനിക്കുന്നത്. മടി നിറഞ്ഞാൽ കഥ ജനിക്കും. വാടകഗർഭത്തിൽ ജനിക്കുന്ന കുഞ്ഞിനെപ്പോലുള്ള കഥ! സ്റ്റാർവാല്യൂ ഉള്ള നടീനടന്മാരെ വിലയ്ക്കെടുക്കുന്നു. അവർക്കുവേണ്ടിയാവും കഥ സഞ്ചരിക്കുന്നത്. കഥാകൃത്തും സംവിധായകനും നിർമാതാവും കഥാപാത്രങ്ങളും എല്ലാവരുംതമ്മിൽ അഡ്ജസ്റ്റുമെന്റാണ്. അതിനാവശ്യമായ മെയ്വഴക്കം എല്ലാവർക്കുമുണ്ടാകും. കാണികളെ രസിപ്പിക്കുക എന്ന ഏകലക്ഷ്യംമാത്രം. അതിനാവശ്യമായ മസാലപ്പൊടികളെല്ലാം ചേർക്കും. സെക്സും സ്റ്റണ്ടും തക്കിടതരികിട പാട്ടുകളും അതിനൊപ്പിച്ചുള്ള തുള്ളലും ചാട്ടവും മറിച്ചിലും...! എല്ലാം ചേർന്നുള്ള ഒരു അവിയൽ! കഥയുടെ പ്രമേയം തീരുമാനിക്കുമ്പോഴുള്ള ഒരു പ്രവണതയാണ് വിവാദങ്ങൾ സൃഷ്ടിക്കുക എന്നത്. പ്രേക്ഷകരെ ആകർഷിക്കാനുള്ള ഒരു തന്ത്രമാണത്. അതിനു പലപ്പോഴും ഇരയാകുന്നതു ക്രൈസ്തവസമൂഹമാണ്. അതിനു കാരണമുണ്ട്. അവർ തിരിച്ചടിക്കുകയില്ല. അതുകൊണ്ട്, അവർ വളരെ പൂജ്യമായി കാണുന്നവയെ വികലമായും വക്രീകരിച്ചും ചിത്രീകരിക്കും. അല്ലെങ്കിൽ ളോവയിട്ട ഒരു പുരോഹിതനെയോ ഉടുപ്പിട്ട ഒരു കന്യാസ്ത്രീയെയോ ചുറ്റിപ്പറ്റി കഥ നിർമിക്കുക. അവരെ അധമരും അപഹാസ്യരുമായി ചിത്രീകരിക്കും. വെള്ളനിറമുള്ള കാൻവാസിൽ കരിപുരണ്ടാൽ അതു തെളിഞ്ഞുകാണുമല്ലോ. ചേറുപുരണ്ട കാൻവാസിൽ അതുണ്ടാവില്ല. അതുകൊണ്ട്, സഭയുടെ ശുഭ്രവസ്ത്രത്തിൽ കരിതേക്കുക പതിവായിരിക്കുന്നു. ഉദാഹരണങ്ങളാണ് ബൊഗൈൻവില്ല, റോമൻസ്, വിശുദ്ധർ മുതലായവ. കക്കുകളിനാടകം എത്ര മ്ലേച്ഛമായിട്ടാണ് ഒരു സന്ന്യാസഭവനത്തെ ചിത്രീകരിച്ചത്.

ഇതരമതസ്ഥരെ തൊട്ടാൽ വിവരമറിയും. അതുകൊണ്ട് അതിനു മുതിരുകയില്ല. ചാനലുകൾക്കുള്ള വിശിഷ്ടഭോജ്യമാണ് ഇത്തരത്തിലുള്ള സിനിമകൾ. സിനിമയിലെ ധ്വനികൾ ചാനലുകളിലിട്ട് അലക്കുന്നു. റേറ്റിങ് വർധിപ്പിക്കുന്നു. വളരെ നല്ല സിനിമകൾ - കലാമൂല്യവും ധാർമികമൂല്യവുമൊക്കെയുള്ള സിനിമകൾ - ചാനലുകൾ കണ്ട ഭാവംപോലും കാണിക്കാറില്ല. 'ദി ഫെയ്സ് ഓഫ് ദി ഫെയ്സ്‌ലെസ്' എത്ര മഹത്തായ ഒരു കലാസൃഷ്ടിയാണ്! ചാനലുകൾ അറിഞ്ഞ ഭാവം പോലുമില്ല.




അരങ്ങിനപ്പുറത്ത് അണിയറയിൽ സംഭവിക്കുന്നത് ഹേമകമ്മിറ്റി റിപ്പോർട്ടിൽ അക്കമിട്ടു നിരത്തുന്നുണ്ടല്ലോ. ഹേമകമ്മിറ്റി രൂപീകരിച്ചപ്പോൾ സിനിമാമേഖലയിലെ ഏതോ ഒരു കാര്യം എന്നതിനപ്പുറം അധികമാരും ചിന്തിച്ചില്ല. ഹേമകമ്മിറ്റി നിശ്ചിതസമയത്തുതന്നെ റിപ്പോർട്ടു സമർപ്പിച്ചതാണ്. അതിന്മേൽ ഒരു നടപടിയുമുണ്ടായിട്ടില്ല എന്ന വിവരം അറിഞ്ഞിട്ട് അധികകാലമായില്ല. മാധ്യമങ്ങളാണ് ഇക്കാര്യം പൊതുജനശ്രദ്ധയിൽപ്പെടുത്തിയത്. കോടതിയും ശക്തമായ നിലപാടു സ്വീകരിച്ചപ്പോഴാണ് അതു പുറത്തുവിടുന്നത്. തുടർന്ന്, അതിന്മേൽ ചാനലുകൾ ചർച്ചയാരംഭിച്ചു. അപ്പോഴാണ് അതിന്റെ ഗൗരവം ജനങ്ങൾക്കു മനസ്സിലാകുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്നു കുറ്റകരമായ അനാസ്ഥയുണ്ടായെന്നും തിരിമറികൾ പലതും നടന്നെന്നും അട്ടിമറിനീക്കങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടെന്നും ജനങ്ങൾക്കു മനസ്സിലായി. പല ക്രിമിനലുകളെയും രക്ഷിക്കാൻ ബോധപൂർവം സർക്കാർ ശ്രമിക്കുന്നുണ്ടെന്നുള്ള ആരോപണം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ട്. അതിജീവിതകളിൽ ചിലർ ധീരമായ നിലപാട് എടുത്തതുകൊണ്ട് ചിലരെല്ലാം പിടിക്കപ്പെട്ടു. പിടികൊടുക്കാതെ ഒളിഞ്ഞിരിക്കുന്ന വമ്പൻസ്രാവുകൾ പിടിക്കപ്പെടാനുള്ള സാധ്യത വളരെ കുറവാണ്. പണവും പിടിപാടും അത്ര ശക്തമാണ്. രംഗത്തുവന്ന പലരും പല കാരണങ്ങളാൽ ഉള്ളിലേക്കു വലിയുന്നതായിട്ടാണ് റിപ്പോർട്ട്. പലരും ഭീഷണിയുടെ മുൾമുനയിലാണ്. മറ്റുചിലർ അഡ്ജസ്റ്റുമെന്റിനു തയ്യാറാകുന്നു. കേസുമായി മുന്നോട്ടുപോകാൻ ആളുകൾ തയ്യാറാകുന്നില്ലെന്നും അതുകൊണ്ട് കോടതിക്ക് ഇടപെടാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും കോടതിതന്നെ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പ്രതീക്ഷയ്ക്കു വകയില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഹാ... കഷ്ടം എന്നല്ലാതെ എന്തു പറയേണ്ടൂ!

■



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**അന്തിനാട് ജോസ് എഴുതുന്ന പുതിയ ബാലനോവൽ ആരംഭിക്കുന്നു**

**രാ**വിന്റെ നിതാന്തനിശ്ശബ്ദതയിൽ ആദിത്യപുരം ആഴ്ന്നു കിടക്കുകയാണ്. പൊടുന്നനെ ആ രാജ്യത്തിന്റെ തലസ്ഥാനത്തു നിന്ന് ആരുടെയോ ഭീതിദമായ ഒരു നിലവിളിയുയർന്നു.

രാത്രിയുടെ ഏകാന്തയാമങ്ങളെ ഞെട്ടിച്ച് ആ ശബ്ദം ഒരു മുഴക്കമായി കൊട്ടാരപരിസരത്ത് അലയടിച്ചു.

കൊട്ടാരവാസികളും സമീപപ്രദേശത്തെ പ്രജകളും നിദ്രയിൽനിന്നു ഞെട്ടിയുണർന്നു.

എല്ലാവരും കാര്യമെന്താണെന്നറിയാതെ ഒരു നിമിഷം സ്തബ്ധരായി നിന്നുപോയി. പിന്നെ അവർ ആ സ്വരം എവിടെനിന്നാണ് ഉദ്ഭവിക്കുന്നതെന്നറിയാൻ കാതോർത്തു. അടുത്ത നിമിഷം എല്ലാവർക്കും കാര്യം പിടികിട്ടി. ആ സ്വരം കേൾക്കുന്നത് രാജകൊട്ടാരത്തിനുള്ളിൽനിന്നാണ്. അതിനുമുമ്പൊരിക്കലും കൊട്ടാരത്തിന്റെ മതിൽക്കെട്ടിനുള്ളിൽനിന്ന് ഇങ്ങനെയൊരു നിലവിളി കേട്ടിട്ടില്ല.

ആരോ മരണവെപ്രാളത്തോടെ അലറിക്കരയുന്ന സ്വരമാണ് കേൾക്കുന്നത്.

ജനം ഒന്നടങ്കം പരിഭ്രാന്തരായി. രാജകൊട്ടാരത്തിൽ ആരോ കയറി ആക്രമണം അഴിച്ചുവിടുന്നതായും ഒരു കൊലപാതകം നടക്കുന്നതായും പ്രജകൾക്കു തോന്നി.

അലർച്ചകളും എന്തൊക്കെയോ വീണുടയുന്ന സ്വരങ്ങളും!

അയൽരാജ്യങ്ങളെ അപേക്ഷിച്ച് ആദിത്യപുരം സൈനികശക്തിയിലും സാമ്പത്തികനിലയിലും ബഹുദൂരം മുന്നിലാണ്. വീരസേനമഹാരാജാവ് പ്രജകളുടെ കണ്ണിലുണ്ണിയാണ്. പ്രജകളെ സ്വസഹോദരങ്ങളെപ്പോലെയാണ് രാജാവുതിരുമനസ്സ് കണ്ടിരുന്നത്. അദ്ദേഹത്തിന്റെ ഭരണത്തിൽ പ്രജകൾ ഒന്നടങ്കം സംതൃപ്തരായിരുന്നു.

ആയിരക്കണക്കിനു കുതിരകളും ഒട്ടകങ്ങളും, ധാന്യങ്ങൾ നിറഞ്ഞ ധാന്യപ്പുരകളും രാജ്യത്തിന്റെ ഐശ്വര്യം വിളംബരം ചെയ്തിരുന്നു.

ഏതൊരു ശത്രുവിനെയും നേരിടാൻ പര്യാപ്തമായ സൈനികശേഷിയും ആദിത്യപുരത്തിനുണ്ടായിരുന്നു.

ഇങ്ങനെ സുഖവും സമാധാനവും ഒരുപോലെ കളിയാടിയിരുന്ന ഒരു രാജ്യത്ത് പൊടുന്നനേ കേട്ട നിലവിളിയും അലർച്ചയും പ്രജകളെ അങ്കലാപ്പിലാക്കി. നിദ്രയിൽനിന്നു ഞെട്ടിയുണർന്നവർ തീപ്പന്തങ്ങളും കരങ്ങളിലേന്തി ശബ്ദംകേട്ട കൊട്ടാരത്തിലേക്കു നീങ്ങി. അവിടെ എന്താണു സംഭവിച്ചതെന്നറിയാനുള്ള വ്യഗ്രതയിൽ അവരുടെ പാദങ്ങൾ മിന്നൽവേഗത്തിൽ ചലിച്ചു.



ആരാണു നിലവിളിക്കുന്നത്? എന്തിനാണു നിലവിളിക്കുന്നത്? ആരായിരിക്കും പ്രാണൻ ഭയന്ന് അലറിക്കരയുന്നത്? നൂറുകണക്കിനു പടയാളികൾ കാവലുള്ള കൊട്ടാരത്തിൽ ഇങ്ങനെയൊരു അനിഷ്ടമുണ്ടാകാൻ ഒരു കാരണവും കാണുന്നില്ല.

കൊട്ടാരത്തിൽ രാജാവിനോടൊപ്പം മൂത്തപുത്രൻ കാർഫിയൂസും ഇളയകുമാരൻ ദേവദത്തനുമുണ്ട്. രണ്ട് ആൺമക്കൾ മാത്രമേ രാജാവിനുള്ളൂ. മഹാറാണി ഏതാനുംവർഷം മുമ്പ് നാടുനീങ്ങിയിരുന്നു. മൂത്തവനായ കാർഫിയൂസാണ് രാജ്യത്തിന്റെ അനന്തരാവകാശി.

പ്രധാനകാര്യസ്ഥനായ മേഘനാദനും കൊട്ടാരത്തിൽ താമസമുണ്ട്.

കൊട്ടാരത്തിൽനിന്നുമുയരുന്ന നിലവിളി പ്രജകളെ വല്ലാതെ ഭയാക്രാന്തരാക്കി. എല്ലാവരും ഒരേ സ്വരത്തിൽ പരസ്പരം പറഞ്ഞു. കൊട്ടാരത്തിൽ അതിഭീകരമായ എന്തോ സംഭവിച്ചിരിക്കുന്നു.

ആരൊക്കെയോ പ്രാണനുവേണ്ടി നിലവിളിക്കുകയാണ്. ദാരുണമായ ഏതോ രംഗങ്ങൾക്ക് കൊട്ടാരം സാക്ഷിയാകാൻ പോകുന്നു.

രാജഭടന്മാർ കുന്തങ്ങളും വാളുകളുമായി പരിഭ്രാന്തരായി നാലുപാടും ഓടുകയാണ്. അതു കണ്ട് ജനം ഒന്നുകൂടി ഭയചകിതരായി.

പെട്ടെന്ന് നൂറുകണക്കിന് കുതിരകളും അവയുടെ മീതേ ഭടന്മാരും കൊട്ടാരത്തിലേക്കു പാഞ്ഞെത്തി. കുതിരക്കുളമ്പടികളുടെ നിലയ്ക്കാത്ത ശബ്ദം അന്തരീക്ഷത്തിൽ മുഖരിതമായി.

കൊട്ടാരമുറ്റത്തെത്തിയ പ്രജകളെ നോക്കി ഭടന്മാർ അലറുന്ന സ്വരത്തിൽ പറഞ്ഞു:

“ആരും കൊട്ടാരത്തിലേക്കു കയറരുത്. എല്ലാവരും ദൂരെ മാറി നിൽക്കണം.”

ഭടന്മാർ വാളുകൾ വീശി പ്രജകളെ അകറ്റിനിറുത്തി.

ആർക്കും കൊട്ടാരവാതിൽക്കലേക്കുപോലും അടുക്കാൻ കഴിഞ്ഞില്ല.

“കൊട്ടാരത്തിൽ എന്താണു സംഭവിച്ചതെന്ന് ഞങ്ങൾക്കറിയണം. ഞങ്ങളുടെ പ്രിയങ്കരനായ മഹാരാജാവ് തിരുമനസ്സിന് എന്തെങ്കിലും അപകടം സംഭവിച്ചോ? എല്ലാം അറിയണം.” ജനം ഒന്നടങ്കം ആക്രോശിച്ചു.

‘‘ഞങ്ങൾക്കൊന്നും അറിയില്ല. എത്രയുംവേഗം എല്ലാവരും പിരിഞ്ഞുപോകണം.”

“ഞങ്ങളുടെ മഹാരാജാവുതിരുമനസ്സിന് എന്തുപറ്റിയെന്ന് പ്രജകളായ ഞങ്ങൾക്ക് അറിഞ്ഞേതീരൂ...” ജനം ഒന്നടങ്കം ശബ്ദിച്ചു.

പൊടുന്നനേ ഏതാനും പടയാളികൾകൂടി അവിടേക്ക് ഓടിയെത്തി. കാര്യസ്ഥൻ മേഘനാദൻ രാജാവിന്റെ സിംഹാസമുറിയിലേക്ക് ഓടുന്നതിനിടയിൽ അലറിവിളിച്ചു: “തിരുമേനീ, തിരുമേനീ അങ്ങേക്ക് എന്തുപറ്റി?” അയാൾ വാതിലിൽ ആഞ്ഞടിച്ചു. പക്ഷേ, ഒരു പ്രതികരണവുമുണ്ടായില്ല.

(തുടരും)

---

കവിത

ജിന്റോ ജെ. പൊട്ടയ്ക്കൽ

## മാതൃവണക്കം



താരകനിരയുടെ രാജനാമീശോയ്ക്കു
താരാട്ടു പാടിയ മേരിയമ്മേ
മാലാഖമാരെല്ലാം താണുവണങ്ങുന്ന
ഈശോയുറങ്ങുന്നു നിന്മടിയിൽ!

താരിളം പൈതലാമീശോയെ ലാളിച്ച്
മടിയിൽ കിടത്തുമ്പോൾ ഓർത്തുവോ നീ?
ജീവനകന്നൊരാപ്പൂമേനി വീണ്ടും നിൻ
മടിയിൽക്കിടത്തേണം കാൽവരിയിൽ!

രാജാക്കൾപോലും വണങ്ങുന്നൊരീ ശിശു
രാജാക്കന്മാരുടെ രാജാവെന്ന്!
അജപാലകർവന്നു വാഴ്ത്തുമീ പൊന്നുണ്ണി
പാപത്തെ നീക്കുന്ന കുഞ്ഞാടെന്ന്!

നിൻതോളിൽ തലചായ്ച്ചുറങ്ങുന്നൊരീപൈതൽ
തിന്മതൻ തലയെ പിളർക്കും നൂനം!
ജനപദമൊന്നാകെ ദണ്ഡിനാൽ ഭരിപ്പവൻ
തിന്മയെ തോൽപ്പിക്കും തൻനിണത്താൽ!

സുരലോകനിരയെല്ലാം വാഴ്ത്തുന്ന ഈശോയെ
കൈകളിൽ കാക്കുന്നോരമ്മ നീയേ
മാലാഖമാരങ്ങേ വിറയോടെ നോക്കുന്നു
മാറോടു പുത്രനെ ചേർത്തനേരം.

മൗനത്തിലാഴ്ന്ന നിൻ ഗാനത്തിൻ വീചിയിൽ
പാപത്തിൻ കോട്ടകൾ പൊട്ടിടുന്നൂ
സൗമ്യമായ് വിരിയുന്ന നിൻമന്ദഹാസത്താൽ
ശോഭിതമാകുന്നു ലോകമെങ്ങും

ആദിമാതാവായ ഹവ്വാതൻ തിന്മയാൽ
പാപത്തിൽ വീണോരാ മാനവർക്കായ്
രക്ഷകന്നുരുവാകാനുദരമന്നേകീ നീ
ഭൂലോകനാഥന്റെ അമ്മയായി

ഉത്പത്തിതന്നിലെ വാഗ്ദാനപ്പൊരുളാകും
തിന്മതൻ ശത്രുവാം സ്ത്രീ നീയല്ലോ!
വസ്ത്രമായ് സൂര്യനെയെടുത്തുടുത്തീടുന്ന
‘വെളിപാടി’ൻ സ്ത്രീയും നീതന്നെയല്ലോ!

ദൈവത്തെ ഉദരത്തിൽ വഹിച്ചപ്പോൾ നീയൊരു
വാഗ്ദാനപേടകമായിമാറി
പൂർണനാം ദൈവവും മർത്ത്യനുമായോരാ
ഈശോമിശിഹായെ ഞങ്ങൾക്കേകീ

ദൈവമാതാവാകും കന്യാമറിയമേ
അമലോത്ഭവയാകും മേരിമാതേ
നിത്യമാം കന്യകേ, സ്വർഗാരോപിതയേ
വിശ്വാസമേകണേ മക്കൾക്കെന്നും

നിൻപക്കലണയുന്ന പാപികൾ ഞങ്ങൾക്ക്
നൽകൃപ പ്രാപിക്കാൻ തുണയേകണേ
നിത്യവും ഞങ്ങൾക്കായ് പ്രാർഥിക്കണേയമ്മേ
ഇപ്പോഴും മൃത്യുവിൻ നേരത്തിലും.

# അവാർഡിലെ മറിമായങ്ങൾ



ജോർജ് പുല്ലാട്ട്

കേരളത്തിൽ സിനിമയ്ക്കും സാഹിത്യത്തിനുമൊക്കെ കൊടുക്കുന്ന അവാർഡുകളുടെ ഉള്ളറക്കഥകൾ അറിഞ്ഞാൽ നാണിച്ചുതലകുനിക്കേണ്ടിവരുമെന്ന് പല അവാർഡ് നിർണയ സമിതികളിലും അംഗങ്ങളായിരുന്നവർ പലവട്ടം വെളിപ്പെടുത്തിയിട്ടുണ്ട്. കലാസാഹിത്യ മൂല്യങ്ങളെക്കാൾ പരിഗണിക്കുന്നത് അവരുടെ രാഷ്ട്രീയചായ്‌വിനെയാണ്.





'ഓൻ ഞമ്മന്റെ ആളാണോ?' അതാണ് അവാർഡിന്റെ സൂത്രവാക്യം.

ആടുജീവിതം സിനിമയാക്കുന്നുവെന്നു തീരുമാനിച്ചപ്പോൾത്തന്നെ അതിന് അവാർഡ് ഉറപ്പായിരുന്നു. എന്നിട്ടോ? ഒന്നല്ല, ഒമ്പതെണ്ണം കൊടുത്തു. എന്നാൽ, കേരളസർക്കാരിന്റെ ഒമ്പതു സുപ്രധാന അവാർഡുകൾ വാരിക്കൂട്ടിയ ആടുജീവിതം ദേശീയപുരസ്കാരത്തിൽ ഒന്നിനുപോലും പരിഗണിക്കപ്പെട്ടില്ല.

കേരളസംസ്ഥാന ചലച്ചിത്ര പുരസ്കാരനിർണയത്തിൽ പരിഗണിക്കപ്പെടുകപോലും ചെയ്യാത്ത 'ആട്ടം' ഗോവയിലെ ദേശീയചലച്ചിത്രമേളയിലെ ആദ്യ ചിത്രമായി എടുക്കപ്പെട്ടു എന്നു മാത്രമല്ല, അതിന് മൂന്നു ദേശീയപുരസ്കാരങ്ങൾകൂടി ലഭിച്ചു. പോയ വർഷത്തെ ഏറ്റവും മികച്ച ചിത്രം, ഏറ്റവും മികച്ച തിരക്കഥ, ഏറ്റവും മികച്ച എഡിറ്റിങ്.

കേരളത്തിലെ ജൂറി കാണാൻ പോലും എടുക്കാത്ത സിനിമ രാജ്യത്തെ ഏറ്റവും നല്ല സിനിമയായി തിരഞ്ഞെടുക്കപ്പെടുന്നത് സംവിധായകൻ ആനന്ദ് ഏകർഷി കേന്ദ്രത്തിൽ പോയി സ്വാധീനിച്ചിട്ടാണോ?

കേരളസർക്കാർ ഒമ്പത് അവാർഡുകൾ കൊടുത്ത ആടുജീവിതം കേന്ദ്രം തിരിഞ്ഞുനോക്കാതിരുന്നതും ആനന്ദ് ഏകർഷി പാരവച്ചിട്ടാണോ?

വായനക്കാരേ, നിങ്ങൾ പറയൂ, സത്യത്തിൽ ആടുജീവിതം ആയിരുന്നോ പോയവർഷത്തെ ഏറ്റവും നല്ല പടം?

പൃഥ്വിരാജ് പട്ടിണികിടന്നു തൂക്കം കുറച്ചെന്നോ പടമെടുക്കാൻ അവരെല്ലാം കുറേ കഷ്ടപ്പെട്ടെന്നോ കൊവിഡുമൂലം മസ്കറ്റിൽ പെട്ടുപോയെന്നോ ഒത്തിരി പണം മുടക്കിയെന്നോ ഒക്കെയുള്ള ഒത്തിരികളാണോ അവാർഡിനു പരിഗണിക്കുന്നത്?

ലോകോത്തരസിനിമകളായി വാഴ്ത്തപ്പെടുന്ന അനേകം സിനിമകൾ ഏതാണ്ടെല്ലാവരും ഒരേപോലെ അംഗീകരിച്ചവയാണ്. സൗണ്ട് ഓഫ് മ്യൂസിക്, ടൈറ്റാനിക് തുടങ്ങി എത്രയോ സിനിമകൾ.

മികച്ച സൃഷ്ടികൾക്ക് അങ്ങനെയൊരു മേന്മയുണ്ട്. എന്നാൽ, ഇവിടെ ഓരോ വർഷവും അവാർഡ് പ്രഖ്യാപിച്ചുകഴിയുമ്പോൾ ഇത്തരം വിവാദങ്ങളേ കേൾക്കാനുള്ളൂ.

കേരളസർക്കാർ നൽകുന്ന സിനിമാ-സാഹിത്യ അവാർഡുകളിലെല്ലാം ആദ്യം പരിഗണിക്കപ്പെടുന്നത് സൃഷ്ടിയുടെ മേന്മയോ മൂല്യമോ അല്ല, നേരത്തേ പറഞ്ഞ ആ സംഗതിതന്നെ: 'ഓൻ നമ്മുടെ ആളാണോ?'

അതുകഴിഞ്ഞു മതി കലാമൂല്യം. പോയി പണി നോക്കിൻ.

ഇപ്പോഴിതാ, ഏറ്റവുമൊടുവിൽ അശോകൻ ചെരുവിലിന്റെ 'കാട്ടൂർ കടവി'ന് വയലാർ പുരസ്കാരം. അതൊരു ഉഗ്രൻ കൃതിയാണോ എന്നറിയില്ല. പക്ഷേ, എങ്ങുമൊരു പരാമർശം കേട്ടിട്ടില്ല, ഇപ്പോഴല്ലാതെ. പുറംചട്ടയിലുണ്ട് നമ്മുടെ സാധനം, അരിവാൾക്കൊടി.

രണ്ടു വർഷംമുമ്പ് ബെന്യാമിന്റെ മാന്തളിരിനും കിട്ടി വയലാർ അവാർഡ്. അതിന്റെ പുറംചട്ടയിലുമുണ്ട് ആ സാധനം. ചെഗുവും കമ്മ്യൂണിസ്റ്റും.

ഇനി പറയൂ, നിങ്ങൾ ഈ അവാർഡുകളിൽ വിശ്വസിക്കുന്നുണ്ടോ?

■

# പാലാ രൂപത പ്ലാറ്റിനം ജൂബിലി ലിറ്റർജിക്കൽ ക്വിസ്

പാലാ: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ഉഹ്ദാന എന്ന പേരിൽ ഒരു ലിറ്റർജിക്കൽ ക്വിസ് രൂപതയിലെ മുഴുവൻ ദൈവജനത്തിനുമായി നടത്തുകയാണ്. ദൈവാരാധനയെക്കുറിച്ച്, പ്രത്യേകിച്ച് വി. കുർബാനയെക്കുറിച്ച് ശരിയായ പ്രബോധനം നൽകുകയും അതുവഴിയായി ദൈവാരാധന കൂടുതൽ ജീവാത്മകമാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ക്വിസിന്റെ ലക്ഷ്യം. ഇടവക, ഫൊറോന, രൂപതാതലങ്ങളിലായി 2025 ഏപ്രിൽ, മേയ് മാസങ്ങളിലായിരിക്കും ക്വിസ് നടത്തുന്നത്. അഞ്ചു ലക്ഷത്തോളം രൂപ ഈ ക്വിസിന്റെ സമ്മാനമായി നൽകുന്നുണ്ട്.

**നിബന്ധനകൾ**

പാലാ രൂപതാംഗങ്ങൾക്കാണ് ക്വിസിൽ പങ്കെടുക്കാവുന്നത്. ക്വിസിൽ പങ്കെടുക്കുന്നവരെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

എ വിഭാഗം: 2007 ജനുവരി ഒന്നിനോ അതിനുശേഷമോ ജനിച്ചവർ; ബി വിഭാഗം: 2007 ജനുവരി ഒന്നിനുമുമ്പു ജനിച്ചവർ. ഇടവക, ഫൊറോന, രൂപതാതലങ്ങളിലായി മൂന്നു ഘട്ടമായയാണ് ക്വിസ് നടത്തപ്പെടുന്നത്.

ഒന്നാമത്തെ ഘട്ടം ഇടവകതലത്തിൽ ഓൺലൈനായി നടത്തപ്പെടുന്ന വ്യക്തിഗതമത്സരമാണ്. 2025 ഏപ്രിൽ 6 ഞായറാഴ്ച രാത്രി 7.30 മുതൽ 8.30 (IST) വരെയുള്ള സമയത്താണ് ഇടവകതലത്തിലുള്ള ഓൺലൈൻ ക്വിസ്. ഈ മത്സരത്തിൽനിന്ന് ഫൊറോനാതലമത്സരത്തിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരു വിവരങ്ങൾ 2025 ഏപ്രിൽ 13 നു പ്രസിദ്ധീകരിക്കുന്നതാണ്. ഇടവകതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യസ്ഥാനങ്ങളിൽ എത്തുന്ന നാലുപേർക്ക് ഫൊറോനാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഇടവകതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ സ്ഥാനങ്ങളിൽ എത്തുന്ന നാലു പേരിൽ ആദ്യത്തെ രണ്ടുപേർ ചേർന്ന് ഒരു ടീമായും അടുത്ത രണ്ടുപേർ ചേർന്ന് രണ്ടാമത്തെ ടീമായുമാണ് ഫൊറോനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.

ഫൊറോനതലമത്സരം 2025 മേയ് 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫൊറോനാകേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെടുന്നതാണ്. ഫൊറോനതലമത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഇടവകാംഗത്വം തെളിയിക്കുന്നതിന് ബഹു. വികാരിയച്ചന്മാരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ക്വിസ് മാസ്റ്റർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ടീം ഉത്തരമെഴുതുന്ന രീതിയായിരിക്കും ഫൊറോനതലമത്സരത്തിൽ പിന്തുടരുന്നത്. ഫൊറോനതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ സ്ഥാനങ്ങളിലെത്തുന്ന മൂന്ന് ടീമുകൾക്ക് രൂപതാതല മത്സരത്തിൽ (ഗ്രാന്റ് ഫിനാലെ) പങ്കെടുക്കാവുന്നതാണ്.

രൂപതാതലമത്സരം 2025 മേയ് 24 ശനിയാഴ്ച, 10.00 am ന് ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിങ് കോളേജിൽവച്ചാണു നടത്തുന്നത്. രൂപതാതലമത്സരം രണ്ടു ഘട്ടങ്ങളിലായാണു നടത്തുന്നത്. ഒന്നാമത്തെ ഘട്ടത്തിൽ ക്വിസ് മാസ്റ്റർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ടീം ഉത്തരമെഴുതുന്ന രീതിയായിരിക്കും പിന്തുടരുന്നത്. ഈ മത്സരത്തിന്റെ ആദ്യ ഘട്ടത്തിൽ ഓരോ വിഭാഗത്തിലും ആദ്യ അഞ്ചു സ്ഥാനങ്ങളിൽ എത്തുന്ന ടീമുകളെ ഉൾപ്പെടുത്തി ഉഹ്ദാന - ലിറ്റർജിക്കൽ ക്വിസിന്റെ അവസാനഘട്ടം (ഗ്രാന്റ് ഫിനാലെ) ഓഡിയോ വിഷ്വൽ രീതികൾ ഉൾപ്പെടുത്തി നടത്തുന്നതായിരിക്കും.

പാലാ രൂപതയുടെ മീഡിയ കമ്മീഷൻ വഴി നൽകുന്ന ദൈവാരാധനയെക്കുറിച്ചുള്ള പഠനപരമ്പരയെ അടിസ്ഥാനമാക്കിയായിരിക്കും എല്ലാ തലങ്ങളിലുമുള്ള ക്വിസ് നടത്തപ്പെടുന്നത്.

ഉഹ്ദാന - ലിറ്റർജിക്കൽ ക്വിസിന്റെ ഗ്രാൻഡ് ഫിനാലെയിൽ വിജയിക്കുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും നാലാം സമ്മാനമായി 10,000 രൂപയും അഞ്ചാം സമ്മാനമായി 5000 രൂപയും നൽകുന്നതാണ്. ലിറ്റർജിക്കൽ ക്വിസിന്റെ രൂപതാതലമത്സരത്തിൽ പങ്കെടുക്കുന്ന മറ്റെല്ലാ ടീമുകൾക്കും ആയിരം രൂപ വീതം പ്രോത്സാഹനസമ്മാനം നൽകുന്നതായിരിക്കും. അന്വേഷണങ്ങൾക്ക്:8089464537.

## ചങ്ങമ്പുഴസ്മാരക പ്രബന്ധമത്സരപുരസ്കാരം ജിൻസ്മോൻ ജയിംസിന്



പാലാ: ഇടപ്പള്ളി ചങ്ങമ്പുഴ സ്മാരകഗ്രന്ഥശാല കോളജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച പ്രബന്ധമത്സരത്തിൽ ആലുവ യു.സി. കോളജിലെ മലയാളവിഭാഗം ഗവേഷകവിദ്യാർഥി ജിൻസ്മോൻ ജയിംസ് വിജയിയായി. 'പി. ഭാസ്കരന്റെ സർഗപ്രപഞ്ചം' എന്നതായിരുന്നു വിഷയം. ഒക്ടോബർ 10 ന് ചങ്ങമ്പുഴ പാർക്കിൽ നടക്കുന്ന 114-ാം ജന്മദിനാഘോഷച്ചടങ്ങിൽ 10,001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം സമ്മാനിക്കും. കോട്ടയം ജില്ലയിൽ കാവാലി മുകളേൽ എം.ഡി. ജയിംസിന്റെയും ടെസിയുടെയും മകനായ ജിൻസ്മോൻ ജയിംസ്, ജിൻസ് കാവാലി എന്ന പേരിൽ ദീപനാളത്തിൽ 'ബുക്ക് ഷെൽഫ്' എന്ന പംക്തി ചെയ്തുവരുന്നു.

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# പ്രത്യേകം

അർഥപരിവർത്തനം വന്ന് പുതിയ അർഥം കൈവരിച്ച ഒരു വാക്കാണ് പ്രത്യേകം. പ്രതി+ ഏകം = പ്രത്യേകം. (ഇ+ഏ=യ). ഓരോന്നും, ഓരോന്നിനും അഥവാ ഓരോരുത്തരും, ഓരോരുത്തർക്കും എന്നെല്ലാമാണ് ആ പദത്തിന്റെ നിരുക്ത്യർഥം. പഴയ അർഥം ഏതാണ്ട് എല്ലാവരും ഉപേക്ഷിച്ച മട്ടാണ്. പുതിയ അർഥത്തിൽ മാത്രമാണ് പ്രത്യേകം എന്ന പദത്തിന്റെ ഇപ്പോഴത്തെ പ്രസിദ്ധി. കാലാന്തരത്തിൽ വന്നുചേർന്ന അർഥപരിവർത്തനമാണത്. ഈ പരിണാമത്തെ പൂർണമായും തെറ്റാണെന്നു പറഞ്ഞുകൂടാ. എല്ലാ ജീവൽഭാഷകളിലും ഇത്തരം പരിണാമങ്ങൾ സ്വാഭാവികമായിത്തന്നെ കാണാം.

എന്താണ് പുതിയ അർഥം? ഒരു വാക്യത്തിലൂടെ വ്യക്തമാക്കാം: 'വേദിയിലും സദസ്സിലും ഉപവിഷ്ടരായിരിക്കുന്ന എല്ലാവരെയും സ്വാഗതം ചെയ്യുന്നു; ആരെയും പ്രത്യേകം പറയേണ്ടതില്ലല്ലോ!' ഇവിടെ എടുത്തുപറയേണ്ടതില്ലല്ലോ എന്നാണതിന്റെ അർഥം. 'പല രാജ്യക്കാരെയും അപേക്ഷിച്ച് പ്രത്യേകിച്ചും കേരളീയർ സത്കാരപ്രിയരാണ്.' ഇവിടെ വിശേഷിച്ച് അല്ലെങ്കിൽ മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി എന്നാണ് പ്രത്യേകിച്ച് എന്നതിന്റെ അർഥം. പ്രത്യേകം എന്ന വാക്കിന് വിശേഷിച്ച് എന്ന അർഥമാണ് മലയാളത്തിലുള്ളതെന്ന് ശബ്ദതാരാവലികാരനും രേഖപ്പെടുത്തിയിട്ടുണ്ട്. "വിശേഷം എന്ന വാക്കിന് വ്യത്യാസം എന്നർഥം. അപ്പോൾ വിശേഷിച്ച് എന്നു പറഞ്ഞാൽ വ്യത്യസ്തമായി, കൂടുതലായി എന്നൊക്കെ അർഥം വരും. വിശേഷിച്ച് എന്നു പറയേണ്ടിടത്തു പലപ്പോഴും നമ്മൾ പ്രത്യേകിച്ച് എന്നു പറയുന്നു. ...പ്രത്യേകിച്ച് എന്നതിന്റെ സ്ഥാനത്ത് വിശേഷിച്ച് എന്നായാലും അക്ഷരക്കൂടുതൽ ഒന്നും ഇല്ലല്ലോ."* ചുരുക്കിപ്പറഞ്ഞാൽ പുതിയ അർഥത്തിലും പ്രയോഗസാധുത്വമുണ്ട്.

* വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം - 215




**ഒക്ടോബർ 20**
**ഏലിയാ-സ്ലീവ-മൂശക്കാലം**
**ഒമ്പതാം ഞായർ**
**(മൂശ രണ്ടാം ഞായർ)**

**ഉത്പ 19:23-29**
**മലാ 4:1-6**
**1 തെസ 4:13-18**
**ലൂക്കാ 21:20-28**

# മഹത്ത്വപൂർണനായ മനുഷ്യപുത്രന്റെ ആഗമനം



ഫാ. ഡോ. തോമസ് വടക്കേൽ



**ക**ർത്താവിന്റെ വരവിനെക്കുറിച്ചുള്ള ചിന്തകൾ ധാരാളമായി നിറഞ്ഞിരിക്കുന്ന ആരാധനക്രമകാലഘട്ടമാണ് ഏലിയ-സ്ലീവാ-മൂശക്കാലം. യുഗാന്ത്യോന്മുഖചിന്തകൾ പങ്കുവയ്ക്കപ്പെടുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യാശ കർത്താവു രക്ഷിക്കും എന്നതാണ്. എല്ലാം വീണ്ടെടുക്കുന്ന, ഒരുമിപ്പിക്കുന്ന ഒരു 'രക്ഷകൻ' വരുമെന്ന പ്രത്യാശ എല്ലാവർക്കുമുണ്ട്. ഒമ്പതാം ഞായറിലെ വായനകളെല്ലാം രക്ഷയെക്കുറിച്ചും രക്ഷകനെക്കുറിച്ചുമാണ്.

ഒന്നാം വായനയിൽ (ഉത്പ. 19:23-29) അബ്രാഹത്തെയും ലോത്തിനെയും രക്ഷിക്കുന്ന ദൈവത്തെക്കുറിച്ചും; രണ്ടാം വായനയിൽ (മലാ. 4:1-6) ആസന്നമാകുന്ന കർത്താവിന്റെ ദിനത്തെക്കുറിച്ചും; മൂന്നാം വായനയിൽ (1 തെസ. 4:13-18) കർത്താവിന്റെ പ്രത്യാഗമനത്തെക്കുറിച്ചും മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചും; നാലാം വായനയിൽ (ലൂക്കാ 21:20-28) ശക്തിയോടും വലിയ മഹത്ത്വത്തോടുംകൂടി മേഘങ്ങളിൽ വരുന്ന മനുഷ്യപുത്രനെക്കുറിച്ചും നാം വായിക്കുന്നു. രക്ഷകന്റെ വരവിലുള്ള പ്രത്യാശയാണ് എല്ലാ വായനകളുടെയും അടിസ്ഥാനപ്രമേയം.

**ഉത്പത്തി 19:23-29:** നീതിയും ന്യായവും നിറഞ്ഞ കർത്താവിന്റെ വഴികളിലൂടെ സഞ്ചരിക്കാത്ത സോദോംഗോമോറാ ദേശങ്ങൾക്കു നാശം സംഭവിക്കുന്നതാണ് വായനയുടെ പശ്ചാത്തലം. സോദോം ഗോമോറപ്രദേശത്ത് അഗ്നിയും ഗന്ധകവുമാണു വർഷിക്കപ്പെടുന്നത്. ദൈവശിക്ഷയെ സൂചിപ്പിക്കുന്നതിനായി വിശുദ്ധഗ്രന്ഥം ഉപയോഗിക്കുന്ന രണ്ടു പ്രതീകങ്ങളാണ് അഗ്നിയും ഗന്ധകവും. (ഏശയ്യാ 30:33; 34:9-10; എസെ. 38:22; സങ്കീ. 11:6) ശിക്ഷ നൽകിക്കൊണ്ട് ദൈവം നീതി നടപ്പാക്കുകയാണിവിടെ. പട്ടണത്തെയും അതിലെ നിവാസികളെയും താഴ്‌വരയെയും സസ്യലതാദികളെയും നാമാവശേഷമാക്കി എന്നത് ശിക്ഷയുടെ തീവ്രതയെ കാണിക്കുന്നു.

ലോത്തും ഭാര്യയും മക്കളും സോദോം വിട്ടു പുറത്തേക്കു പോകുമ്പോൾ അവർക്കു ലഭിച്ചിരുന്ന കല്പനകളിലൊന്നാണ് 'പിൻതിരിഞ്ഞു നോക്കരുത്' (19:17) എന്നത്. എന്നാൽ, ലോത്തിന്റെ പിറകേ വരികയായിരുന്ന ഭാര്യ പിന്തിരിഞ്ഞുനോക്കുകയും തത്ഫലമായി അവൾ ഒരു ഉപ്പുതൂണായിത്തീരുകയും ചെയ്തു. ദൈവികകല്പനയുടെ ലംഘനത്തിനുള്ള ശിക്ഷയാണിത് എന്നാണ് വ്യാഖ്യാനം. അനുസരണക്കേടിനു ലഭിക്കുന്ന ശിക്ഷയുടെ കാഠിന്യം ഓർമിപ്പിക്കാൻവേണ്ടിയാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്.

അബ്രാഹം അതിരാവിലെ എഴുന്നേറ്റ്, താൻ കർത്താവിന്റെ മുമ്പിൽ നിന്ന സ്ഥലത്തേക്കു ചെന്നു (19:27). അബ്രാഹത്തിന്റെ യാത്രയുടെ ലക്ഷ്യസ്ഥാനം ശ്രദ്ധേയമാണ്. കർത്താവിന്റെ ഇടങ്ങളിലേക്കാണ് അബ്രാഹത്തിന്റെ യാത്ര. ആ യാത്രയാണ് അബ്രാഹത്തിന്റെ ജീവിതത്തിൽ അനുഗ്രഹമായിത്തീരുന്നത്. ദൈവികവചസ്സുകൾകേട്ട്, ദൈവിക ഇടങ്ങളിൽ വസിച്ച്, ദൈവികമായി ചരിക്കുന്ന വ്യക്തിയാണ് അബ്രാഹം. ദൈവം അബ്രാഹത്തെ ഓർക്കാൻ കാരണവുമതാണ് (19:29). 'ദൈവം അബ്രാഹത്തെ ഓർത്തു' എന്ന ഉത്പത്തിഗ്രന്ഥകാരന്റെ പരാമർശം പ്രസക്തിയുള്ളതാണ്. ദൈവത്തെ ഓർക്കുന്നവനെ ദൈവവും ഓർക്കും.

സോദോമിലേക്കും ഗോമോറയിലേക്കും നോക്കുന്ന അബ്രാഹത്തിനു കാണാൻ സാധിക്കുന്നത് 'തീച്ചൂളയിൽനിന്നെന്നപോലെയുള്ള പുക'യാണ്. ഇതൊരു എരിഞ്ഞടങ്ങലാണ്; നാശത്തിന്റെ അടയാളമാണിത്. തെറ്റു ചെയ്യുന്നവർക്കു ലഭിക്കുന്ന ശിക്ഷയുടെ പ്രതീകമാണിത്. നിതീയും ന്യായവും പ്രവർത്തിക്കുന്ന ഇടങ്ങളിലേ ദൈവാനുഗ്രഹവും രക്ഷയും ലഭ്യമാകുകയുള്ളൂ; അല്ലാത്തയിടങ്ങളിലെല്ലാം കത്തിയമരലുകൾമാത്രമാണ് അവശേഷിക്കുക. ദൈവത്തിന്റെ വാക്കുകൾക്കു ചെവികൊടുത്തതുകൊണ്ട് ലോത്തിനെ ദൈവം നാശത്തിൽനിന്നു രക്ഷിച്ചു.

**മലാക്കി 4:1-6:** യഹോവയെ ഭയപ്പെടുന്ന നീതിമാന്മാർക്കും യഹോവയെ അനുസരിക്കാത്ത ദുഷ്ടരും അഹങ്കാരികളുമായവർക്കും സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവാചകന്റെ വാക്കുകളാണ് ഈ വചനഭാഗത്തു നാം ശ്രവിക്കുന്നത്. വിധിദിവസം സത്യസന്ധരായവരെ ദൈവം പരിഗണിക്കുമെന്നും ദുഷ്ടർക്ക് അവരുടെ ദുഷ്ടതയുടെ ഫലം (ശിക്ഷ) ലഭിക്കുമെന്നും പ്രവാചകൻ പറയുന്നു (3:18).

ദുഷ്ടരായവർ വലിയ ശിക്ഷാവിധി നേരിടും. തിന്മ നിറഞ്ഞ ഈ മനുഷ്യർ 'വയ്ക്കോൽ' പോലെയാകും. വേരും ശാഖയും അവശേഷിക്കാത്തവിധം അവർ ദഹിപ്പിക്കപ്പെടും (4:1). ഒന്നും അവശേഷിക്കാത്തവിധമുള്ള ഒരു 'സർവനാശം' സംഭവിക്കുമെന്നാണ് ഇതു സൂചിപ്പിക്കുന്നത്. വയ്ക്കോൽ അഗ്നിയിൽ വയ്ക്കുമ്പോൾ കത്തിച്ചാരമാകുന്നതുപോലെയായിരിക്കും ദുഷ്ടന്മാരുടെ അവസ്ഥ.

കർത്താവിനെ ഭയപ്പെടുന്നവർ അവിടുത്തെ ആദരിക്കുന്നവരും ബഹുമാനിക്കുന്നവരും സ്നേഹിക്കുന്നവരും അവിടുത്തെ വാക്കുകൾ കേൾക്കുന്നവരുമാണ്. അവർക്കു ലഭിക്കുന്നത് 'നീതിസൂര്യ'ന്റെ പ്രകാശമാണ് (4:2). 'ത്സെദെഖാ' (tsedaqah) എന്ന ഹീബ്രുവാക്കിന്റെ അർഥം നീതി എന്നാണ്. നന്മ പ്രവർത്തിക്കുന്നവർക്ക് ദൈവനീതി ലഭിക്കും. അത് ദൈവത്തിന്റെ കരുതലും കാരുണ്യവുമാണ്.

ദുഷ്ടന്മാരുടെ ചില വിജയങ്ങൾ താത്കാലികമാണ്. ശാശ്വതമായ ഒരു വിജയം അവർക്കില്ല. കാൽക്കീഴിലെ ചാരം പോലെയാണവർ 'എഫെർ' എന്ന ഹീബ്രു പദത്തിന്റെ അർഥം ചാരം, പൊടി എന്നൊക്കെയാണ്. നിസ്സാരതയെയാണ് ഇത് അർഥമാക്കുന്നത്. അവരുടെ അസ്തിത്വമില്ലായ്മയെയാണ് ഇതു പരാമർശിക്കുന്നത്. ദൈവത്തോടു ചേർന്നുനിൽക്കുന്നവർക്കാണ് യഥാർഥ അസ്തിത്വമുള്ളത്.

**1 തെസലോനിക്ക 4:13-18:** പൗലോസ്ശ്ലീഹായ്ക്ക് തെസലോനിക്കയിലെ തന്റെ ശുശ്രൂഷ നേരത്തേ അവസാനിപ്പിക്കേണ്ടിവന്നതുകൊണ്ട് എല്ലാ പ്രബോധനങ്ങളും ജനങ്ങൾക്കു നൽകാൻ സാധിച്ചിരുന്നില്ല. തെസലോനിക്കയിലെ സഭയിലേക്കു പൗലോസ് തിമോത്തിയെ അയച്ചപ്പോൾ അവർ 'കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും, മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചും' തിമോത്തിയോട് സംശയം ഉന്നയിച്ചു. ഈ ചോദ്യങ്ങൾക്കുള്ള മറുപടി കത്തു മുഖാന്തരം പൗലോസ് നൽകുന്നതാണ് ഇന്നത്തെ വായനയുടെ പശ്ചാത്തലം.

'പ്രത്യാശയില്ലാത്ത മറ്റുള്ളവരെ'പ്പോലെ എന്ന് പൗലോസ് ഉദ്ദേശിക്കുന്നത് വിജാതീയസമൂഹത്തെയാണ്. നിത്യജീവിതത്തിലുള്ള, ഉയിർപ്പിലുള്ള വിശ്വാസം ഇല്ലാത്തവരെയാണ് ഇത് അർഥമാക്കുന്നത്. 'നിദ്രപ്രാപിച്ചവർ' എന്ന പരാമർശം മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയവരെയാണ് സൂചിപ്പിക്കുന്നത്. മരിച്ചവർക്കു സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള 'അറിവ്' പൗലോസ് ഇവിടെ നൽകുകയാണ്.

ഈശോ മരിക്കുകയും തുടർന്ന് അവിടുന്ന് ഉയിർപ്പിക്കപ്പെടുകയും ചെയ്തു. പിതാവായ ദൈവത്തിന്റെ പദ്ധതിയാണത് (1:10). ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം ഈശോയുടെ ഉയിർപ്പാണ്. അവിടുത്തെ ഉയിർപ്പിൽ എല്ലാവരും വിശ്വസിക്കുന്നു. പിതാവായ ദൈവം ഈശോയെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതുപോലെ കർത്താവായ ഈശോയിൽ നിദ്രപ്രാപിച്ചവരെ ദൈവം ഉയിർപ്പിക്കും. ഈ പ്രത്യാശയാണ് വിശ്വാസികൾക്ക് ഉണ്ടാകേണ്ടത്. പൗലോസ് നൽകുന്ന 'അറിവ്' ഇതാണ്: മരിച്ചവർ ഉയിർപ്പിക്കപ്പെടും.

കർത്താവിന്റെ രണ്ടാംവരവ് വേഗത്തിൽത്തന്നെ സംഭവിക്കുമെന്ന ധാരണയാണ് ആദിനൂറ്റാണ്ടിൽ എല്ലാവരും പുലർത്തിയിരുന്നത്. എന്നാൽ, പിന്നീട് കർത്താവിന്റെ വരവിനു കാലതാമസം വന്നപ്പോൾ ഒരുനാൾ കർത്താവു വരും, എല്ലാവരും ഒരുങ്ങിയിരിക്കണം എന്ന ധാരണ വന്നു. 'കർത്താവിന്റെ രണ്ടാം വരവിൽ ക്രിസ്തുവിൽ മരണമടഞ്ഞവർ ആദ്യം ഉയിർത്തെഴുന്നേൽക്കും, അപ്പോൾ ജീവിച്ചിരുന്നവർ അവിടുത്തോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും' എന്നു പൗലോസ് പഠിപ്പിച്ചു.


**ലൂക്കാ 21:20-28:** ജറുസലെമിന്റെ പതനത്തെക്കുറിച്ചും (20:20-24) മനുഷ്യപുത്രന്റെ മഹത്ത്വപൂർണമായ ആഗമനത്തെക്കുറിച്ചും (20:25-28) ഇന്നത്തെ സുവിശേഷത്തിൽ നാം വായിക്കുന്നു. ജറുസലെമിന്റെ നാശത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനമാണിത് (13:34-35; 19:41-44). പഴയനിയമത്തിൽ കാണുന്ന പ്രവാചകന്മാരുടെ വിധിപോലെയാണ് ജറുസലെംനഗരത്തിനുമേൽ ഈശോ പ്രവചിക്കുന്ന വിധി.

ശത്രുക്കൾ ജറുസലെംപട്ടണത്തിനുചുറ്റും താവളമടിക്കും. അവർ വിജാതീയരാണ്. വിജാതീയരുടെ കടന്നുകയറ്റം നാശത്തിന്റെ അടയാളമാണ്. ഗ്രീക്കുഭാഷയിലെ 'എറെമോസിസ്' (eremosis) എന്ന പദത്തിന്റെ അർഥം 'devastation' എന്നാണ്. കൊടിയ നശീകരണം, ഉണ്ടാകുമെന്നാണ് സൂചന. ഇവിടെ സംഭവിക്കാൻ പോകുന്നത് ഒരു 'desolation' ആണ്; നിർജ്ജനീകരണം സംഭവിക്കുമെന്നർഥം. ആർക്കും പ്രത്യേക പരിഗണന ലഭിക്കാത്ത മരണത്തിന്റെയും ദുഃഖത്തിന്റെയും നാൾ വന്നുഭവിക്കുമെന്നാണ് പ്രവചനം. എന്നാൽ, 'വിജാതീയരുടെ നാളുകൾ' (times of Gentiles) ഒരുനാൾ അവസാനിക്കും. ദൈവമക്കൾ വീണ്ടും പുനഃസംഘടിപ്പിക്കപ്പെടുമെന്ന പ്രത്യാശയുടെ സൂചനയാണിത്.

മനുഷ്യപുത്രന്റെ വരവ് (parousia) എല്ലാവരും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒന്നാണ്. മനുഷ്യപുത്രന്റെ വരവിൽ പ്രകൃതിയിൽ അടയാളങ്ങൾ കാണപ്പെടും. സൃഷ്ടിയാകെ ഉലഞ്ഞാടുമ്പോൾ കർത്താവിന്റെ സമയം വരുന്നുവെന്ന് എല്ലാവർക്കും മനസ്സിലാകും. അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും വലിയ മഹത്ത്വത്തോടുംകൂടെ മേഘങ്ങളിൽ ആഗതനാകും. മേഘം (cloud) ദൈവസാന്നിധ്യത്തിന്റെ, ദൈവമഹത്ത്വത്തിന്റെ പ്രതീകമാണ്. പ്രപഞ്ചത്തിന്റെ അധികാരം മുഴുവൻ കൈയേൽക്കാൻവേണ്ടിയാണ് ശക്തിയോടുകൂടെ അവിടുന്നു വരുന്നത്. ഇതരശക്തികളെല്ലാം ഇല്ലാതാകും. ശത്രുക്കളെ ഭയന്ന് ഇതുവരെ തല താഴ്ത്തിയിരുന്നവർക്ക് ഇനി തലയുയർത്താം. കാരണം, ശക്തനായ മനുഷ്യപുത്രൻ കടന്നുവരുന്നു.

അനുഭവങ്ങളേ നന്ദി

# പണ്ടത്തെ നാടകം ഒരു തിരിഞ്ഞുനോട്ടം



സി. എൽ. ജോസ്

വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ എനിക്കു നാടകം കാണാനുള്ള താത്പര്യമുണ്ടായിരുന്നു. വീട്ടുകാർ അറിഞ്ഞും അറിയാതെയും അക്കാലത്തെ പല മികച്ച നാടകങ്ങളും തിയേറ്ററുകളിൽ പോയി കണ്ടിട്ടുണ്ട്. തൃശൂരിൽ മുഖ്യമായും നാടകങ്ങൾ നടത്തിക്കൊണ്ടിരുന്നത് ടൗൺ ഹാളിലും ജോസ് തിയേറ്ററിലുമായിരുന്നു.

അന്നത്തെ പ്രൊഫഷണൽ നാടകങ്ങൾ മിക്കവയും അച്ചടിച്ച കൃതികളെ ആസ്പദമാക്കിയുള്ളവയായിരുന്നില്ല. അതതുകാലത്തെ ആവശ്യത്തിനുവേണ്ടി, അന്നത്തെ പ്രേക്ഷകരുടെ ആസ്വാദനശീലത്തിനനുസൃതമായി രചിക്കപ്പെട്ടവയാണ്. രചിച്ചവർ ലബ്ധപ്രതിഷ്ഠരായ സാഹിത്യകാരന്മാരല്ല. നാടകപ്രേമികളുടെ നാടകകൗതുകത്തെ തൃപ്തിപ്പെടുത്താൻവേണ്ടി മാത്രം നാടകമെഴുതിയവർ. നാടകസാഹിത്യചരിത്രത്തിൽ ഒരുപക്ഷേ, അവരുടെ നാമധേയങ്ങൾ കാണില്ല. നാടകവിദ്യാർഥികൾക്ക് അവരുടെ പേരുകൾ അജ്ഞാതമാവാം. നാടകസെമിനാറുകളിലും ചർച്ചാസമ്മേളനങ്ങളിലും അവരുടെ നാമങ്ങൾ അനുസ്മരിച്ചില്ലെന്നു വരാം. എന്നിരുന്നാലും, കേരളത്തിലങ്ങോളമിങ്ങോളം ആയിരക്കണക്കിനു വേദികളിൽ അരങ്ങുതകർത്തഭിനയിച്ച നാടകങ്ങളായിരുന്നു അവരുടേത്. പേരെടുത്ത സാഹിത്യകാരന്മാരായിരുന്നില്ലെങ്കിലും മലയാളനാടകവേദിക്കു പേരുണ്ടാക്കിക്കൊടുത്തവരായിരുന്നു അവർ. ഒരു കാലഘട്ടത്തെ വിസ്മയം കൊള്ളിക്കുകയും പ്രേക്ഷകസഹസ്രങ്ങളെ ആവേശഭരിതരാക്കുകയും ചെയ്ത മൺമറഞ്ഞുപോയ ആ എഴുത്തുകാരെ അകമഴിഞ്ഞ നന്ദിയോടും അതിരറ്റ ആദരവോടുംകൂടി മാത്രമേ സ്മരിക്കാനാവൂ.

ഞാൻ അക്കാലത്ത് (ഏകദേശം 1946 മുതൽ) കണ്ടിട്ടുള്ള നാടകങ്ങളുടെ രചയിതാക്കൾ ചിലരുടെ പേരുകൾ ഇന്നും എനിക്ക് ഓർമയുണ്ട്. സ്വാമി ബ്രഹ്മവ്രതൻ, ശാസ്ത്രി ജി.എൻ. പണിക്കർ, മുൻഷി പരമുപിള്ള, വി.എസ്. ആൻഡ്രൂസ്, തിക്കുറിശ്ശി സുകുമാരൻനായർ, ഡോക്ടർ പി.എസ്. നായർ, മുതുകുളം രാഘവൻപിള്ള തുടങ്ങിയവരാണിവർ. (ഈ രംഗത്തു വിലപ്പെട്ട സേവനം കാഴ്ചവച്ച വേറെയും പല നാടകകൃത്തുക്കളുണ്ട്) നാടകനടനും സിനിമാതാരവുമൊക്കെയായിരുന്ന മുതുകുളം നൂറ്റമ്പതോളം നാടകങ്ങൾ എഴുതിയിട്ടുണ്ടത്രേ; സ്വാമി ബ്രഹ്മവ്രതൻ അമ്പതോളവും. തമിഴ് സംഗീതനാടകങ്ങൾ അടക്കിഭരിച്ചിരുന്ന കേരളക്കരയിൽ മലയാളസംഗീതനാടകങ്ങൾ എഴുതി അവതരിപ്പിക്കുകയും വിജയക്കൊടി നാട്ടുകയും ചെയ്ത പ്രതിഭാസമ്പന്നരാണിവർ. അങ്ങനെ, നമ്മുടെ നാടകവേദിയിലെ തമിഴ്മേധാവിത്വത്തെ തകർക്കുകയും തൂത്തെറിയുകയും ചെയ്തുവെന്ന ചരിത്രപരമായ മഹത്ത്വം ഇവർക്കുമാത്രം അവകാശപ്പെട്ടതാണ്.

അന്നത്തെ നാടകങ്ങളിൽ ഞാൻ കണ്ടിട്ടുള്ള പ്രശസ്തനടീനടന്മാർ ഏറെപ്പേരെ എന്റെ ഓർമയുടെ മണിച്ചെപ്പിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. ഷെവലിയാർ ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ (ഇദ്ദേഹത്തിന്റെ മിശിഹാചരിത്രം നാടകവും അതിൽ ഇദ്ദേഹത്തിന്റെ ക്രിസ്തുവേഷവും ഏറെ പ്രസിദ്ധമാണ്.) സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ, അഗസ്റ്റിൻ ജോസഫ് (യേശുദാസിന്റെ പിതാവ്), വൈക്കം മണി, വൈക്കം വാസുദേവൻനായർ, ഓച്ചിറ വേലുക്കുട്ടി, തിക്കുറിശ്ശി സുകുമാരൻനായർ, സെബാസ്റ്റ്യൻ ജോസഫ്, കൊട്ടാരക്കര ശ്രീധരൻനായർ, കാലായ്ക്കൽ കുമാരൻ, ഞാറയ്ക്കൽ ശ്രീധരൻ ഭാഗവതർ, ചേർത്തല വാസുദേവക്കുറുപ്പ്, എസ്.പി. പിള്ള, എസ്.ജെ. ദേവ് (സിനിമാനടൻ രാജൻ പി.ദേവിന്റെ പിതാവ്), ശ്രീമതി സി.കെ. രാജം, ഓമല്ലൂർ ചെല്ലമ്മ, മാവേലിക്കര പൊന്നമ്മ, അമ്പലപ്പുഴ മീനാക്ഷി, സി.കെ. സുമതിക്കുട്ടിയമ്മ, കൊടുങ്ങല്ലൂർ അമ്മിണിയമ്മ തുടങ്ങിയ ഒട്ടേറെ അഭിനേതാക്കൾ അന്നത്തെ നാടകങ്ങളിൽ നിറഞ്ഞുനിന്നവരാണ്. ഇക്കൂട്ടത്തിൽ സി.എം. പാപ്പുക്കുട്ടി ഭാഗവതർമാത്രമാണ് 107 വയസ്സുവരെ ജീവിച്ച് 2020 ൽ അന്തരിച്ചത്. ബാക്കിയെല്ലാവരും കാലയവനികയ്ക്കു മുന്നേ മറഞ്ഞുപോയി.



അന്നു സിനിമാതിയേറ്ററുകളിൽ നാടകം നടത്തിയിരുന്നതു ശനിയാഴ്ചകളിൽ രാത്രി 9.30 നാണ്. നാടകം ബുക്കു ചെയ്തിട്ടുണ്ടെങ്കിൽ, വെള്ളിയാഴ്ചയോടെ സിനിമ നിർത്തിവയ്ക്കും. ശനിയാഴ്ചമാത്രം സിനിമ ഉണ്ടാവില്ല. കാരണം, വെള്ളിയാഴ്ചയിലെ സിനിമാശാല ശനിയാഴ്ചയിലെ നാടകശാലയായി മാറണം. സിനിമയുടെ സ്ക്രീൻ അഴിച്ചുമാറ്റി അവിടെ നാടകത്തിനുള്ള സ്റ്റേജ് ഒരുക്കുന്നു. തിയേറ്ററിന്റെ പിന്നിൽ അറ്റത്തു കിടക്കുന്ന കസേരകൾ മുഴുവൻ തറയിലേക്ക് സ്റ്റേജിന്റെ മുമ്പിലേക്കു കൊണ്ടുവരുന്നു. അപ്പോൾ കസേരകൾ കിടന്നിരുന്ന സ്ഥലം സ്വാഭാവികമായും തറയായി മാറുന്നു. അങ്ങനെ ഇരിപ്പിടങ്ങൾ പാകപ്പെടുത്തിയശേഷമാണ് നാടകം അരങ്ങേറുക.

നാടകത്തിന്റെ അന്നത്തെ ടിക്കറ്റുനിരക്കുകൾ ഇങ്ങനെയാണ് – ഒന്നാം ക്ലാസു കസേര 5 രൂപ, രണ്ടാം ക്ലാസു കസേര 3 രൂപ. ബെഞ്ച് ഒന്നര രൂപ, തറ അരരൂപ; അതായത്, ഇന്നത്തെ അമ്പതു പൈസ.

നാടകങ്ങളുടെ ഇക്കാലത്തെ ദൈർഘ്യം രണ്ടോ രണ്ടരയോ മണിക്കൂറാണെങ്കിൽ അന്നത്തെ സംഗീതനാടകങ്ങൾ നാലഞ്ചു മണിക്കൂറുകളുണ്ടാവും. നാടകം തീരുമ്പോൾ ഏകദേശം പുലർച്ചെ മൂന്നുമണിയാകും. പരിസരപ്രദേശങ്ങളിൽനിന്നു വന്നവർ തിരിച്ചുവീട്ടിലെത്തുമ്പോൾ നേരം പുലരും. പിറ്റേന്നു ഞായറാഴ്ചയായതിനാൽ ഉറക്കമൊഴിച്ചതിന്റെ ക്ഷീണം തീർക്കാൻ സൗകര്യവുമായി.

സ്റ്റേജിൽ ഇന്നത്തേപ്പോലെ കട്ട്ഔട്ടുകളോ സെറ്റിങ്സോ ഇല്ല. പകരം രംഗപശ്ചാത്തലങ്ങൾക്ക് അനുയോജ്യമായ വിവിധതരം കർട്ടനുകളാണ് ഉപയോഗിക്കുക. തെരുവീഥിയുടെ, ഉദ്യാനത്തിന്റെ, കുബേരഭവനത്തിന്റെ, ഇടത്തരം വീടിന്റെ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി വരപ്പിച്ച അതിമനോഹരങ്ങളും അത്യധികം ആകർഷകങ്ങളുമായ കർട്ടനുകൾ ഇതിനായി കരുതിയിട്ടുണ്ടാവും. ചുരുണ്ടുകയറുകയും ചുരുളഴിഞ്ഞിറങ്ങുകയും ചെയ്യുന്ന കർട്ടനുകൾ.

നാടകം ആരംഭിക്കുന്നതിനു മുമ്പ് സ്റ്റേജിന്റെ ഒരറ്റത്തു പ്രേക്ഷകരെ അഭിമുഖീകരിച്ചുകൊണ്ട് ഒരു ചവിട്ടുഹാർമോണിയവുമായി ഹാർമോണിസ്റ്റും അടുത്തായി മൃദംഗക്കാരനും ഇരിക്കുന്നുണ്ടാവും. ഹാർമോണിസ്റ്റു നന്നായി പാടുന്ന ഒരു ഭാഗവതരായിരിക്കും. അയാൾ ഒരു കീർത്തനം ആലപിക്കും. കുറഞ്ഞത് അരമണിക്കൂറെടുക്കും അതു തീരാൻ. അതു തീർന്നാൽ ഉടനെ നാടകം ആരംഭിക്കും.

അന്നത്തെ നായകനടന്മാർ ശാസ്ത്രീയമായി സംഗീതമഭ്യസിച്ചവരായിരിക്കും. കർട്ടൻ ഉയർന്നാൽ നമ്മുടെ നായകൻ പാടിക്കൊണ്ടു പ്രവേശിക്കുകയായി. കഥയുമായി യാതൊരു ബന്ധവുമില്ലെങ്കിലും ശാസ്ത്രീയസംഗീതം പൊടിപൊടിക്കും. ഇവിടെ ഒരു വിരോധാഭാസവും സംഭവിക്കും. നായകനടൻ രാഗാലാപം നടത്തുന്നതോടൊപ്പം, കഥാപാത്രമല്ലാത്ത ഹാർമോണിസ്റ്റും ഏറ്റുപാടുന്നു. അങ്ങനെ രണ്ടു ഗായകരുടെ നീണ്ട സമയത്തെ 'സംഗീതമത്സരം' (അതോ സംഗീതയുദ്ധമോ?) കഴിഞ്ഞിട്ടാണ് നാടകം പുരോഗമിക്കുക. അതോടെ ഹാർമോണിസ്റ്റ് രംഗത്തുനിന്നു മാറും എന്നും ആരും തെറ്റിദ്ധരിക്കേണ്ട. നാടകം തീരുന്നതുവരെ കുറ്റിയടിച്ചപോലെ അയാൾ അവിടെത്തന്നെയിരിക്കണം, ഇടയ്ക്കുവരുന്ന ഗാനങ്ങളും കീർത്തനങ്ങളും ഏറ്റുപാടാൻ തെല്ലും ഔചിത്യമില്ലാതെ, അരങ്ങത്തു നടക്കുന്നതിനെല്ലാം സാക്ഷിയായി ഒരു 'നോക്കുകുത്തി'പോലെയുള്ള ആ ഇരിപ്പ് അന്ന് ആർക്കും അരോചകമായി തോന്നിയില്ല. അന്നത്തെ 'സ്റ്റൈൽ' അതായിരുന്നു. വിദ്യാർഥിയായിരുന്ന ഞാനും 'വയറുനിറയെ' അതാസ്വദിച്ചു.

മറ്റൊരു പ്രത്യേകത! അന്നത്തെ നാടകങ്ങൾക്ക് ഇന്നത്തെപ്പോലെ മൈക്ക് ഉണ്ടായിരുന്നില്ല. ഏറ്റവും പിറകിലിരിക്കുന്ന തറടിക്കറ്റുകാരനും വ്യക്തമായി കേൾക്കത്തക്കവിധം തൊണ്ടപൊട്ടുമാറുച്ചത്തിൽ പാടണമായിരുന്നു. സർവശക്തിയും ഉപയോഗിച്ചു സംഭാഷണം നടത്തണമായിരുന്നു. കാമുകീകാമുകന്മാർ തമ്മിലുള്ള രഹസ്യംപറച്ചിൽപോലും ഉച്ചത്തിൽ വേണമായിരുന്നു. കേട്ടില്ലെങ്കിൽ ജനം കൂവും. ഇതൊക്കെയായിരുന്നു അന്നത്തെ അവസ്ഥ. പുതിയ തലമുറയ്ക്ക് ഇതെല്ലാം കേൾക്കുമ്പോൾ അദ്ഭുതം തോന്നിയേക്കാം.




*പാലാ രൂപത പിതൃവേദിയുടെയും മാതൃവേദിയുടെയും നേതൃത്വത്തിൽ നടത്തിയ കുഞ്ഞച്ചൻ തീർഥാടനത്തിൽ പങ്കെടുത്തവർ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ, രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോനാപ്പള്ളി വികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം, പിതൃവേദി പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട് , മാതൃവേദി പ്രസിഡന്റ് സിജി ലൂക്സൺ പടന്നമാക്കൽ എന്നിവരോടൊപ്പം.*

നോവൽ 16

ഇഗ്നേഷ്യസ് കലയന്താനി




കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ ചെന്നപ്പോഴാണ് വീണ്ടും കാണുന്നത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടു വർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് എൽസയുടെ കാലിന് സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് അവൾ നടന്നിരുന്നത്. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചു കൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. എൽസയുടെ ക്ഷണം സ്വീകരിച്ച് ഡോക്ടർ മനു ഒരു ദിവസം എൽസയുടെ വീടു സന്ദർശിച്ചു. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷും അമ്മയും ഒരുപാടു സന്തോഷിച്ചെങ്കിലും ഉടനെ ഒരു കുഞ്ഞു വേണ്ടെന്നായിരുന്നു വർഷയുടെ മനസ്സിൽ. അത് സ്വന്തം അമ്മയെ അറിയിച്ചു. ജയേഷ് അറിയാതെ വർഷയും അമ്മയുംകൂടി ആശുപത്രിയിൽ പോയി അബോർഷൻ നടത്തി. ബാത്റൂമിൽ തെന്നിവീണ് അബോർഷനായി എന്നു ജയേഷിനോട് വർഷ കള്ളം പറഞ്ഞു.

(തുടർന്നു വായിക്കുക)

എൽസ അടുക്കളയിൽ ചെന്ന് അമ്മയോടു വികാരിയച്ചൻ ഫോണിൽ പറഞ്ഞ കാര്യം പറഞ്ഞു.

''ഫോണിലൂടെ പറയാൻ പറ്റാത്ത കാര്യം എന്നതാടീ കൊച്ചേ? വല്ല കല്യാണക്കാര്യോം ആയിരിക്കുമോ?''

"ഓ... പിന്നെ, അച്ചൻ ബ്രോക്കറല്ലേ എന്നും കല്യാണാലോചനയുമായിട്ടു വരാൻ. അമ്മയ്ക്കെപ്പഴും കല്യാണത്തെക്കുറിച്ചുള്ള ചിന്തയേയുള്ളൂ."

"ചിന്തിക്കാതിരിക്കാൻ പറ്റ്വോ മോളേ? നിനക്കതു മനസ്സിലാവണമെങ്കിൽ നീയൊരമ്മയായി, നിനക്കൊരു മകളുണ്ടായി അതിനെ കെട്ടിക്കാൻ പ്രായമാവണം. ഒരു ദിവസം ഞാൻ ഹാർട്ട് അറ്റാക്ക് വന്നങ്ങു മരിച്ചുപോയാൽ നീ എന്നാ ചെയ്യും കൊച്ചേ? ടെസീടെ കെട്ടിയോൻ നല്ലവനായിരുന്നെങ്കിൽ അവനെങ്കിലും സംരക്ഷിക്കൂന്ന് ഒന്നാശ്വസിക്കായിരുന്നു. എന്നും രാത്രി ഉറങ്ങാൻ കിടക്കുമ്പം എന്റെ മനസ്സിൽ ഇതാ ചിന്ത."

"അങ്ങനെ ചിന്തിച്ചോണ്ടിരുന്നാൽ പ്രഷറുകൂടി തലേലെ ഞരമ്പുപൊട്ടി തളർന്നുകിടക്കും. എനിക്കധികം പ്രായമൊന്നുമായില്ലല്ലോ ചിന്തിച്ചു തല പുണ്ണാക്കാൻ. കല്യാണമൊക്കെ ദൈവം നിശ്ചയിച്ച സമയത്തു നടക്കും അമ്മേ. അമ്മ സമാധാനമായിട്ടിരിക്ക്."

അതു പറഞ്ഞിട്ട് അവൾ അലമാരയിൽനിന്ന് വെളിച്ചെണ്ണക്കുപ്പി എടുത്തു. ഉള്ളംകൈയിലേക്ക് എണ്ണ പകർന്ന് തലയിൽ തേച്ചുപിടിപ്പിച്ചിട്ട് നേരേ ബാത്റൂമിലേക്കു നടന്നു.

പിറ്റേന്നു ഞായറാഴ്ച.

രാവിലെ ഏഴുമണിക്കുള്ള വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ സിസിലി കുറുക്കൻകുന്ന് പള്ളിയിലേക്കു പോയി. അമ്മ തിരിച്ചുവന്നപ്പോഴേക്കും എൽസ അപ്പവും മുട്ടക്കറിയും ഉണ്ടാക്കി വച്ചിട്ടുണ്ടായിരുന്നു. രണ്ടുപേരും ഒരുമിച്ചിരുന്നാണ് ബ്രേക്ക് ഫാസ്റ്റ് കഴിച്ചത്. ഓരോന്നു പറയുന്നതിനിടയിൽ സിസിലി പറഞ്ഞു:

''ഇന്ന് അച്ചന്റെ പ്രസംഗം നമ്മുടെ രൂപതയിൽ കല്യാണപ്രായം കഴിഞ്ഞു നിൽക്കുന്ന യുവാക്കളെയും യുവതികളെയും കുറിച്ചായിരുന്നു. കണക്കെടുത്തു നോക്കിയപ്പോൾ പതിനായിരക്കണക്കിന് ആളുണ്ടത്രേ. കല്യാണമേ വേണ്ടാന്നു പറഞ്ഞു നടക്കുന്ന ഒത്തിരി പെമ്പിള്ളേരുണ്ടെന്നാ അച്ചൻ പറഞ്ഞത്.



അപ്പം ഞാൻ നിന്റെ കാര്യം ഓർത്തു."

"ഓർക്കാൻ വേറൊന്നും കിട്ടിയില്ലേ അമ്മയ്ക്ക്. കല്യാണം വേണ്ടാന്നു ഞാൻ പറഞ്ഞോ? സമയമാവുമ്പം നടക്കൂന്നല്ലേ പറഞ്ഞത്. നടക്കും അമ്മേ. അമ്മ വിഷമിക്കാതിരി."

എൽസ എണീറ്റ് കൈകഴുകിയിട്ട് ഡ്രസ് മാറാനായി കിടപ്പുമുറിയിലേക്കു പോയി. വേഷം മാറി തിരികെ അമ്മയുടെ അടുത്തേക്കു വന്നിട്ട് അവൾ ചോദിച്ചു.

"വേദപാഠം കഴിഞ്ഞുവരുമ്പം എന്തേലും വാങ്ങിച്ചോണ്ടു വരണോ അമ്മേ?"

"ങ്ഹാ... കുറച്ച് സവോളേം ഒരു പാക്കറ്റ് ഉപ്പും അരക്കിലോ വൻപയറും വാങ്ങിച്ചോണ്ടു പോരെ."

"ഉം."

മൂളിയിട്ട് അവൾ പുറത്തേക്കിറങ്ങി.

കുറച്ചുദൂരം ചെന്നപ്പോൾ വഴിയരികിൽ നിഷ കാത്തുനിൽപ്പുണ്ടായിരുന്നു. അവളോടൊപ്പം ഓരോന്നു സംസാരിച്ച് സാവധാനം നടന്ന് പള്ളിയിലെത്തി.

പ്രാർഥന ചൊല്ലിയും പാട്ടുകൾ പാടിയും കൈകൂപ്പിനിന്ന് ഭക്തിപൂർവം അവൾ വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ടു. കുർബാന കഴിഞ്ഞ് കുറച്ചുനേരം തനിയെ മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ കൈകൂപ്പി കണ്ണടച്ചുനിന്നു പ്രാർഥിച്ചു. ചേച്ചിക്കു സന്തോഷകരമായ ഒരു ജീവിതം കൊടുക്കണേ, അമ്മയ്ക്ക് അസുഖമൊന്നും വരാതെ ദീർഘായുസ്സ് കൊടുക്കണേ. തനിക്ക് സ്നേഹനിധിയായ ഒരു ചെറുപ്പക്കാരനെ ഭർത്താവായി തരണേ! ഇതൊക്കെയായിരുന്നു അവളുടെ ആവശ്യങ്ങൾ.

ആറാംക്ലാസിലെ കുട്ടികളെയാണ് എൽസ വേദപാഠം പഠിപ്പിക്കുന്നത്. കുട്ടികൾക്ക് അവളുടെ ക്ലാസ് വലിയ ഇഷ്ടമാണ്. ബൈബിളിലെ കഥകൾ മനോഹരമായി അവൾ പറഞ്ഞുകേൾപ്പിക്കും. ചോദ്യങ്ങൾ ചോദിക്കും. കുട്ടികളെക്കൊണ്ട് ഓരോ ആക്റ്റിവിറ്റീസ് ചെയ്യിപ്പിക്കും. എൽസയുടെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളും സന്തുഷ്ടരായിരുന്നു. അതവർ വികാരിയച്ചനോട് തുറന്നുപറഞ്ഞിട്ടുമുണ്ട്.

വേദപാഠം കഴിഞ്ഞ് എൽസ നേരേ പോയത് പള്ളിമേടയിലേക്കാണ്. വികാരിയച്ചന്റെ മുറിയിൽ ആളുണ്ടെന്നു കണ്ടതും അവൾ വെളിയിൽ കാത്തുനിന്നു. പത്തുമിനിറ്റ് കഴിഞ്ഞപ്പോൾ ആൾ ഇറങ്ങിയതും അവൾ സാവധാനം അകത്തേക്കു കയറി.

''ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ അച്ചോ."

"ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ."

ഇരിക്കാൻ അച്ചൻ കൈകൊണ്ട് ആംഗ്യം കാണിച്ചു. എൽസ അഭിമുഖമായി ഇരുന്നു. അവളുടെ ഹൃദയം പെരുമ്പറകൊട്ടുകയായിരുന്നു.

"ഞാൻ വിളിച്ചത് എന്തിനാന്നറിയാമോ?"

കസേരയിലേക്കു ചാരിയിരുന്നിട്ട് അച്ചൻ ചോദിച്ചു.

"ഇല്ല."

"എനിക്കീ ഇടവകേന്ന് സ്ഥലംമാറ്റമാ. ഒരു മാസംകൂടിയേ ഞാനിവിടെ ഉണ്ടാവൂ. അരമനേന്ന് ഔദ്യോഗികമായിട്ട് ഇത് പ്രഖ്യാപിച്ചിട്ടില്ല. ഞാനിതു രഹസ്യമായി അറിഞ്ഞതാ."

"എങ്ങോട്ടാ അച്ചോ മാറ്റം?"

"പൂച്ചപ്പാറ പള്ളിയിലേക്ക്. ഇവിടുന്ന് പത്തുമുപ്പതു കിലോമീറ്ററുണ്ട്. ഇതുപോലുള്ള ഒരു ഗ്രാമമാ. മുന്നൂറു കുടുംബങ്ങളുള്ള ചെറിയ ഒരു ഇടവക."

എൽസ സങ്കടത്തോടെ നോക്കി ഇരിക്കയായിരുന്നു.

"നീ വിചാരിക്കുന്നുണ്ടാകും ഇതു പറയാൻ എന്തിനാ ഇങ്ങോട്ട് വിളിച്ചുവരുത്തിയേ, ഫോണിൽ പറഞ്ഞാ മതിയായിരുന്നല്ലോന്ന് അല്ലേ?"

എൽസ ചിരിച്ചതേയുള്ളൂ.

''ഇതു പറയാനല്ല മോളേ, വിളിച്ചത്. നിനക്കറിയാല്ലോ, നിന്നെ ഞാനീ ഇടവകേലെ ഒരംഗമായിട്ടല്ല കണ്ടിരുന്നത്. എന്റെ സ്വന്തം കുഞ്ഞനിയത്തിയായിട്ടാ. നിന്റെ കല്യാണം ആശീർവദിച്ചിട്ട് ഈ ഇടവകേന്നു പോകണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. അതു നടന്നില്ല. സാരമില്ല. സമയത്ത് കല്യാണം നടക്കും. ഞാൻ വന്നു പങ്കെടുക്കുകയും ചെയ്യും."

അച്ചൻ വരാൻ പറഞ്ഞത് എന്തിനാണെന്ന് അപ്പോഴും അവൾക്കു മനസ്സിലായില്ല.

"ഇതൊന്നുമല്ല ഞാൻ പറയാൻ വന്നത്. നിന്റെ കാലിന്റെ ഓപ്പറേഷനു വിദേശത്തുനിന്ന് ഒരാളു കാശുതന്നില്ലേ. ആ ആള് കഴിഞ്ഞദിവസം എന്നെ വിളിച്ചു. നിന്റെ കാല് എങ്ങനുണ്ട്, ചട്ടുമാറിയോന്നൊക്കെ ചോദിച്ചു. അപ്പം ഞാൻ നിന്നെക്കുറിച്ചും നിന്റെ വീട്ടുകാരെക്കുറിച്ചുമൊക്കെയുള്ള ഒരു ചരിത്രമൊക്കെയങ്ങു പറഞ്ഞുകേൾപ്പിച്ചു. തോമസിനെ ആന ചവിട്ടിക്കൊന്നതാന്നും നീയും അമ്മയും തനിച്ചാതാമസമെന്നുമൊക്കെ കേട്ടപ്പം അയാൾക്കു വലിയ സങ്കടമായി. അപ്പം അയാളു പറഞ്ഞു ഒരഞ്ചുലക്ഷം രൂപ നിന്റെ അക്കൗണ്ടിലേക്ക് ഇടാൻ അയാൾ ആഗ്രഹിക്കുന്നൂന്ന്. നിന്റെ കല്യാണമൊക്കെ ഭംഗിയായി നടന്നുകാണണമെന്ന് അയാൾക്കൊരാഗ്രഹം. ഞാൻ പറഞ്ഞു നിന്നോടു ചോദിച്ചിട്ട് മറുപടി പറയാന്ന്. എന്തു പറയണം?

"അച്ചന്റെ അഭിപ്രായം എന്താ?"

"വാങ്ങിച്ചോ മോളേ! അയാള് വല്യ പണക്കാരനാ. ഒരുപാട് പേർക്കു ധനസഹായം ചെയ്യുന്ന ആളാ. അഞ്ചു ലക്ഷമെന്നൊക്കെ പറഞ്ഞാൽ നമ്മുടെ അഞ്ഞൂറിന്റെ വിലയേ അയാൾക്കുള്ളൂ. നിന്റെ കല്യാണത്തിന് ഇത്തിരി പൊന്നൊക്കെ എടുക്കണ്ടേ? ദൈവം കൊണ്ടുത്തരുന്നതാന്നു വിചാരിച്ച് വാങ്ങിച്ചോ."

"ശരി അച്ചോ."

"പിന്നെ, നമ്മളു മൂന്നുപേരുമല്ലാതെ വേറാരും ഇതറിയരുത്. അറിഞ്ഞാലുള്ള കുഴപ്പം നിനക്കറിയാല്ലോ. കഥകളുണ്ടാക്കി പ്രചരിപ്പിക്കാൻ ഒരുപാട് പേരുണ്ടാകും. പ്രത്യേകിച്ചു കാശിന്റെ ഇടപാടുകൂടിയാവുമ്പം."

"ആരോടും പറയില്ലച്ചോ."

"എങ്കിൽ വീട്ടിൽ ചെല്ലുമ്പം നിന്റെ ബാങ്ക് പാസ്ബുക്കിന്റെ ഒരു ഫോട്ടോ എടുത്ത് എനിക്കു വാട്സ് ആപ്പ് ചെയ്തേരെ. ഞാനത് അയാൾക്കയച്ചു കൊടുത്തേക്കാം."

"ഉം." അവൾ തലയാട്ടി.

"എന്നാ പൊക്കോ. സിസിലിയോട് പ്രത്യേകം പറഞ്ഞേക്കണം വേറാരോടും പറയരുതെന്ന്."

"ഉം."

*ശേഷം 15-ാം പേജിൽ*



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# പശ്ചിമേഷ്യൻ സമാധാനം ലോകസമാധാനത്തിന് അനിവാര്യം

നേർമൊഴി

പശ്ചിമേഷ്യയിൽ ദിനംപ്രതി വർധിച്ചുവരുന്ന സംഘർഷം ലോകസമാധാനത്തിനു ഭീഷണിയാണ്. പോരാട്ടവീര്യംകൊണ്ടും നൂതനയുദ്ധതന്ത്രങ്ങൾകൊണ്ടും ഇസ്രയേൽ ആരുടെയും മുമ്പിലാണ്. വിശ്വാസപരമായും രാഷ്ട്രീയമായും അവർ പീഡിപ്പിക്കപ്പെടുകയും ചിതറിക്കപ്പെടുകയും പിന്നീട് ഒന്നിക്കപ്പെടുകയും ചെയ്തിട്ടുള്ള ജനതതിയാണ്. ബുദ്ധിപരമായും സാമ്പത്തികമായും ജൂതജനത വളരെ മുമ്പിലാണ്. ബിസിനസ് രംഗത്തും മാധ്യമരംഗത്തും അവരെ തോല്പിക്കാൻ കഴിയുന്നവർ ചുരുക്കം. എണ്ണമല്ല, ഗുണമേന്മയാണ് പ്രധാനമെന്നു ലോകത്തെ പഠിപ്പിച്ച ചെറിയ ജനസമൂഹമാണവർ. ഒരു കോടിയിൽ താഴെ മാത്രമാണ് അവിടത്തെ ജനസംഖ്യ. എന്നാൽ, ഇപ്പോൾ നേരിട്ട് ആക്രമണത്തിലേക്കു കടന്നിരിക്കുന്ന ഇറാന്റെ ജനസംഖ്യ ഏതാണ്ട് ഒമ്പതു കോടിയാണ്. അവർക്ക് ആനുപാതികമായ ആയുധശേഖരവും സൈനികശക്തിയുമുണ്ട്. എങ്കിലും, ലോകം വിശ്വസിക്കുന്നതും ഭയപ്പെടുന്നതും ഇസ്രയേൽ എന്ന കൊച്ചുരാജ്യത്തെയാണ്.

ഇറാൻ അമേരിക്ക ഉൾപ്പെടെ പല വൻശക്തികളുടെയും നോട്ടപ്പുള്ളിയാണ്. ഭീകരരെ കയറ്റുമതി ചെയ്യുന്ന രാജ്യമെന്നാണ് ഇറാനെ ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹു വിശേഷിപ്പിച്ചത്. ഇസ്രയേലും നാറ്റോ രാജ്യങ്ങളും ആഗോളഭീകരതയ്ക്കെതിരേ പോരാടുമ്പോൾ ഇറാൻ ഭീകരസംഘടനകൾക്കു കുടപിടിക്കുകയും സംരക്ഷണമൊരുക്കുകയും ചെയ്യുന്നുവെന്നാണ് ആക്ഷേപം. പശ്ചിമേഷ്യയിലെ ഇപ്പോഴത്തെ സംഘർഷത്തിനു കാരണക്കാർ ഇസ്രയേൽ അല്ലെന്നു വിശ്വസിക്കുന്നവരാണ് അധികംപേരും. ഇറാൻ സ്പോൺസർ ചെയ്യുന്ന ഭീകരസംഘടനകളാണ് തുടക്കക്കാർ. ഈ സംഘർഷത്തിന് ഒരു വർഷത്തെ ചരിത്രമുണ്ട്. 2023 ഒക്ടോബർ ഏഴാംതീയതി ഹമാസ് എന്ന ഭീകരസംഘടന ഇസ്രയേലിനെ ആക്രമിച്ച് 1200ലധികം സൈനികരെ വധിക്കുകയും 200ലധികം പേരെ ബന്ദികളാക്കുകയും ചെയ്തു. ബന്ദികളാക്കപ്പെട്ട ഇസ്രയേലിസൈനികരോടും പൗരന്മാരോടും കൊടുംക്രൂരത പ്രവർത്തിക്കുന്നതിന്റെ വീഡിയോദൃശ്യങ്ങൾ പ്രചരിപ്പിച്ചത് ഇസ്രയേലിനെ പ്രകോപിച്ചു. പലസ്തീൻ വിമോചനത്തിനും ഇസ്രയേലിനെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കുന്നതിനുമായി രൂപംകൊണ്ട ഹമാസ് ഭീകരസംഘടന ഇപ്പോൾ പ്രവർത്തിക്കുന്നത് പ്രധാനമായും ഗാസാമുനമ്പിലാണ്.

ഒക്ടോബർ ഏഴ് ഇസ്രയേൽ മറക്കാനാഗ്രഹിക്കുന്ന കറു



ത്തദിനമാണ്. ലോകത്തിലെ ഏറ്റവും മികച്ച രഹസ്യാന്വേഷണ ഏജൻസിയുള്ള ഇസ്രയേലിൽ ഹമാസ് തീവ്രവാദികൾ നുഴഞ്ഞുകയറിയത് ലോകത്തെ അദ്ഭുതപ്പെടുത്തുകയും ഇസ്രയേലിനെ നടുക്കുകയും ചെയ്തു. അതിനുള്ള തിരിച്ചടി അതിന്റെ വാർഷികദിനത്തിൽത്തന്നെ നല്കുമെന്ന ചിന്തയിലാണു ലോകം. ഇസ്രയേൽ അതിനു തുനിഞ്ഞാൽ അത് ഒരു മഹായുദ്ധമായി മാറുമോ എന്നാണ് ലോകം ഭയപ്പെടുന്നത്. ഇസ്രയേലും ഭീകരസംഘടനകളുമായുള്ള ഒരു സംഘട്ടനമായി അത് ഒതുങ്ങിനിൽക്കാനിടയില്ല എന്നാണു വിലയിരുത്തൽ. ഏഴു ശക്തികൾക്കെതിരെയാണ് തങ്ങൾ പോരാടുന്നതെന്നാണ് ഇസ്രയേൽ പ്രധാനമന്ത്രി പറഞ്ഞത്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മക്രോൺ ഇസ്രയേലിന് ആയുധം നൽകില്ലെന്ന് അറിയിച്ചപ്പോഴായിരുന്നു ഇസ്രയേൽ പ്രധാനമന്ത്രിയുടെ പ്രതികരണം. ലബനിലെ ഹിസ്ബുള്ള, ഗാസാമുനമ്പ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പലസ്തീൻ തീവ്രവാദിസംഘടന ഹമാസ്, യമനിലെ ഹൂതികൾ, ഇറാക്ക്-സിറിയ എന്നിവിടങ്ങളിലെ ചില സായുധസേനകൾ, ഇവരെയെല്ലാം തീറ്റിപ്പോറ്റി സംരക്ഷിക്കുന്ന ഇറാൻ എന്നിവർക്കെതിരേയാണ് ഇസ്രയേൽ ഒറ്റയ്ക്കു പോരാടുന്നത്. ഇറാൻ കഴിഞ്ഞ ദിവസം 181 ബാലിസ്റ്റിക് മിസൈലുകളാണ് ഇസ്രയേലിന്റെ നേർക്കു തൊടുത്തുവിട്ടത്. ഇസ്രയേൽസേന മിസൈലുകളെ അവരുടെ ആകാശത്തുവച്ചുതന്നെ നിർവീര്യമാക്കിയതുകൊണ്ട് ആൾനാശവും മറ്റു നഷ്ടങ്ങളും കുറഞ്ഞു. പ്രതിരോധത്തെക്കാൾ ചെലവുകുറവ് ആക്രമണത്തിനാണെന്നു ബോധ്യപ്പെട്ട ഇസ്രയേൽ ഇപ്പോൾ ആ വഴിക്കാണ് ചിന്തിക്കുന്നത് എന്നാണ് റിപ്പോർട്ട്.

യുദ്ധം ആരു ചെയ്താലും ഏതു ലക്ഷ്യത്തിനുവേണ്ടി ചെയ്താലും കുറ്റകരമാണ്, അപലപിക്കപ്പെടേണ്ടതാണ്. യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്നത് നിരപരാധികളും കുട്ടികളുമൊക്കെയാണ്. യുദ്ധത്തിനു നേതൃത്വം വഹിക്കുന്ന കൊടുംകുറ്റവാളികൾ അതീവസുരക്ഷാസങ്കേതങ്ങളിലാണു വസിക്കുന്നത്. അവരെപ്പോലും തിരഞ്ഞുപിടിച്ച് കൊല്ലുന്ന പുതിയ യുദ്ധരീതികളാണ് ഇസ്രയേൽ പരീക്ഷിക്കുന്നത്. അറുപത് അടിവരെ താഴ്ചയിൽ ബങ്കറുകൾക്കുള്ളിൽ കഴിയുന്ന നേതാക്കന്മാരെ സുരക്ഷിതത്വത്തിന്റെ തോടുകൾ പൊട്ടിച്ച് കൊലചെയ്യുന്ന ലേസർ ബോംബുകളുടെ കാലത്ത് യുദ്ധം മനുഷ്യഭാവനയ്ക്കുപോലും അപ്പുറത്താണെന്നു സമ്മതിക്കേണ്ടിവരുന്നു.

യുദ്ധത്തിനുപയോഗിക്കേണ്ടിവരുന്നത് വികസനത്തിനുവേണ്ടി വിനിയോഗിക്കാമായിരുന്ന പണമാണ്. ജനക്ഷേമവും നാടിന്റെ പുരോഗതിയുമാണ് യുദ്ധക്കൊതിയന്മാർ കവർന്നെടുക്കുന്നത്. ഇസ്രയേൽ ഇറാനെതിരേ മൂന്നു തലങ്ങളിലുള്ള യുദ്ധം നടത്തുമെന്നാണ് മുന്നറിയിപ്പു നൽകുന്നത്. ഒന്ന്; രാഷ്ട്രീയതലത്തിൽ, രണ്ട്; മിലിട്ടറിതലത്തിൽ. മൂന്ന്, സാമ്പത്തികനാശത്തിന്റെ രൂപത്തിൽ. അതായത്, രാഷ്ട്രീയ അസ്ഥിരത സൃഷ്ടിച്ചും സൈനികത്താവളങ്ങളും ആയുധപ്പുരകളും നശിപ്പിച്ചും എണ്ണപ്പാടങ്ങൾ കത്തിച്ചും എല്ലാത്തരത്തിലും ഇറാനെ ദുർബലമാക്കാനുള്ള യുദ്ധതന്ത്രങ്ങളാണ് ഇസ്രയേൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

യുദ്ധമുണ്ടാകുമ്പോൾ വൻശക്തികൾ കാഴ്ചക്കാരാകുന്നതു തെറ്റാണ്. അതിനേക്കാൾ വലിയ കുറ്റമാണ് അവർ കക്ഷി ചേരുന്നത്. അമേരിക്കയും നാറ്റോരാജ്യങ്ങളും ചില അറബുരാജ്യങ്ങളും ഇസ്രയേലിനോടു പക്ഷംചേരുന്നതുപോലെതന്നെ അപകടകരമാണ് റഷ്യയും ചൈനയും മറ്റ് ഇസ്ലാമികശക്തികളും പലസ്തീൻ ഐക്യദാർഢ്യവുമായി കൂടെനില്ക്കുന്നത്. വൻശക്തികൾ യുദ്ധക്കൊതിയന്മാരുടെ പക്ഷത്തല്ല, സമാധാനത്തിന്റെ പക്ഷത്താണു നില്ക്കേണ്ടത്. യുദ്ധം ആയുധക്കച്ചവടത്തിനുള്ള അവസരമായിക്കരുതുന്ന രാജ്യങ്ങൾ ആ മരണക്കച്ചവടത്തിൽനിന്നു പിന്മാറണം. പശ്ചിമേഷ്യയിൽ യുദ്ധം നീണ്ടാൽ അത് ലോകസാമ്പത്തികസ്ഥിതിയെ ആകമാനം ബാധിക്കും. ഐക്യരാഷ്ട്രസംഘടന അതിൽത്തന്നെ ബലഹീനമാണെങ്കിലും വൻശക്തികൾ ഇടപെട്ടാൽ അതിനെ ശക്തിപ്പെടുത്താൻ കഴിയും. ഐക്യരാഷ്ട്രസംഘടനയുടെ ശക്തി അതിനു ലോകരാഷ്ട്രങ്ങൾ നല്കുന്ന പിന്തുണയെ ആശ്രയിച്ചാകയാൽ നിർണായകഘട്ടങ്ങളിൽ വൻശക്തികൾ മുതലെടുപ്പിനു ശ്രമിക്കാതെ സമാധാനത്തിനുവേണ്ടി നിലകൊള്ളണം. പശ്ചിമേഷ്യയിൽ ശാശ്വതസമാധാനത്തിനു ദ്വിരാഷ്ട്രസിദ്ധാന്തത്തിന്റെ പ്രസക്തി ഇനിയും ചർച്ച ചെയ്യണം.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ഇന്ത്യക്കാർ ജോലി ചെയ്യുന്നുവെന്നുള്ളതുകൊണ്ടല്ല ഇന്ത്യ ഈ വിഷയത്തിൽ ഇടപെടേണ്ടത്. ഒരു ലോകശക്തിയെന്ന നിലയിൽ ചേരിചേരാനയം എന്ന പരമ്പരാഗതനിലപാട് ഇന്ത്യ ആവർത്തിക്കുകയും വൻശക്തികളെ സ്വാധീനിക്കുകയും വേണം. കേരളത്തിൽ ചില നേതാക്കന്മാർ പലസ്തീൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നത് ഒരു മതവിഭാഗത്തിന്റെ നാലു വോട്ടിനുവേണ്ടിയിട്ടാണെന്നു സമാധാനകാംക്ഷികളായ വിവരമുള്ളവർ തിരിച്ചറിഞ്ഞിട്ടുണ്ടെന്നു മനസ്സിലാക്കുന്നതും നന്ന്. സമാധാനം പുലരട്ടെ! ■

---

# വെരുക്

വേട്ടക്കാരായ വന്യജന്തുക്കൾ

മാത്യൂസ് ആർപ്പൂക്കര

നമ്മുടെ വനങ്ങളിൽ കണ്ടുവരുന്ന ഒരു ജീവിയാണ് വെരുക്. മാംസാഹാരം മാത്രം കഴിക്കുന്ന ഈ ജീവി രാത്രിയിൽ മാത്രമേ ഇര പിടിക്കാൻ ഇറങ്ങുകയുള്ളൂ. ഇതിനു നീളം കൂടുതലും ഉയരം കുറവുമാണ്. വലുപ്പം കുറവാണെങ്കിലും വെരുകിന് ആയുസ്സ് കൂടുതലാണ്. ശരാശരി 20 വർഷം വെരുകു ജീവിക്കും.

വംശനാശഭീഷണി നേരിടുന്ന ഒരിനം വെരുകാണ് നമ്മുടെ വനപ്രദേശങ്ങളിൽ കണ്ടുവരുന്ന മലബാർ വെരുക്. ചാരനിറമാണ്. ശരീരത്തിൽ വെളുത്ത കുത്തുകളും മുതുകിൽ നെടുകെയുള്ള വരയും നീണ്ടു കൂർത്ത മുഖവുംകൊണ്ട് വളരെ വേഗം ഇതിനെ തിരിച്ചറിയാം. കൂർത്തതുപോലുള്ള വാലിൽ കറുപ്പുനിറം വളയങ്ങൾപോലെയും കാണാം. പല്ലുകളും വിരലുകളിലെ നഖവും വെരുകിനെ ഇരപിടിയനാക്കാൻ സഹായിക്കുന്നു. പൂച്ചയെപ്പോലെ പതുങ്ങി നിശ്ശബ്ദമായി സഞ്ചരിക്കാൻ ഇതിനു സാധിക്കും. ഇരയെ കണ്ടാൽ അതീവശ്രദ്ധയോടെയാകും ആക്രമണം. വെരുകിന് ഒരു മീറ്ററോളം നീളവും ശരാശരി ആറു കിലോഗ്രാം ഭാരവും വരും. പാറക്കൂട്ടത്തിലോ ഇടതൂർന്ന മരക്കൂട്ടത്തിലോ ആണ് താമസം. വെരുക് ഒറ്റയ്ക്കാണു സഞ്ചാരം. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ചുമതല അമ്മയ്ക്കുമാത്രമാണ്. ഒളിയിടങ്ങളിലാവും കുഞ്ഞുങ്ങളെ സൂക്ഷിക്കുക.



ചെറിയ പക്ഷികൾ, ഉഭയജീവികൾ, ഉരഗങ്ങൾ, മത്സ്യങ്ങൾ, ചെറിയ സസ്തനികൾ തുടങ്ങിയവയൊക്കെ വെരുക് പിടികൂടി ഭക്ഷിക്കുന്നു. ഇരയെ ഇത് ഓടിച്ചിട്ടു പിടിക്കാറുണ്ട്. പക്ഷേ, പൂച്ചയെപ്പോലെ ഇരയെ സാവധാനമല്ല കൊല്ലുന്നത്. കൊന്നുകഴിഞ്ഞാൽ ഉടനെ സുരക്ഷിതമായൊരു സ്ഥലത്തേക്കു വെരുക് ഇരയെ കൊണ്ടുപോകുകയും ചെയ്യും. പകൽ ഒളിച്ചിരിക്കുകയും രാത്രികാലങ്ങളിൽ വേട്ടയ്ക്കിറങ്ങുകയും ചെയ്യുന്ന വെരുകിനെ സാധാരണഗതിയിൽ കാണാൻ കിട്ടുക ദുഷ്കരം. ■

# ചിത്രലേഖയുടെ മരണം ഓർമിപ്പിക്കുന്നത്

## കരുണ വറ്റിയ കണ്ണുകൾ കേരളത്തിലുമുണ്ട്



ഡിജോ കാപ്പൻ

**പ**യ്യന്നൂർ എടാട്ട് സ്വദേശിനി നാല്പത്തിയെട്ടു വയസ്സുള്ള ദളിത് വനിതയായ ഇ. ചിത്രലേഖ അന്തരിച്ചു എന്ന വാർത്തയ്ക്കു മറ്റു പലരുടെയും മരണവാർത്തകളെക്കാൾ പ്രാധാന്യം എന്തുകൊണ്ടുണ്ടായി? ഇഷ്ടമുള്ള ജോലി ചെയ്യാനും ഇഷ്ടപ്പെട്ട പുരുഷനെ വിവാഹം ചെയ്യാനും വടക്കേയിന്ത്യയിലെ ജാതിവ്യവസ്ഥ അനുവദിക്കാറില്ലെന്നു നാം വായിക്കാറുണ്ട്. എന്നാൽ, കേരളത്തിലും ഇത്തരം സാഹചര്യമുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമുണ്ട്.

മാർക്സിസ്റ്റ് കമ്യൂണിസ്റ്റു പാർട്ടി നേതാവിന്റെ മകൻ ശ്രിഷ്കാന്തിനെ മിശ്രവിവാഹം ചെയ്തു എന്ന കുറ്റം ചുമത്തി കമ്യൂണിസ്റ്റുപാർട്ടി ഇവർക്കു സമൂഹത്തിൽ ഭ്രഷ്ടു കല്പിച്ചതോടെയാണ് നീണ്ട നിയമയുദ്ധത്തിനും സമരപോരാട്ടത്തിനും ചിത്രലേഖ ഇറങ്ങിപ്പുറപ്പെട്ടത്. 2005 ൽ ഓട്ടോ ഓടിച്ച് കുടുംബം പോറ്റാൻ ചിത്രലേഖ എടുത്ത തീരുമാനം പാർട്ടിക്കാർക്കും യൂണിയൻ നേതാക്കൾക്കും ദഹിച്ചില്ല. 'പുലച്ചിയും ഓട്ടോ ഓടിക്കുകയോ' എന്ന് ആക്രോശിച്ചുകൊണ്ട് സി.ഐ.ടി.യു. അംഗങ്ങളായ ഓട്ടോഡ്രൈവർമാർ ഇവൾക്കെതിരേ തിരിഞ്ഞു. എതിർപ്പു വകവയ്ക്കാതെ അവർ തന്റെ ജോലി തുടർന്നു. ചിത്രലേഖയ്ക്ക് ഓട്ടോസ്റ്റാൻഡിൽ പാർക്കിങ് നിഷേധിച്ചു. ഇവർ ഓടിക്കുന്ന വണ്ടി യൂണിയൻകാർ വഴിയിൽ തടഞ്ഞു. തെറിയഭിഷേകമായി. തുടർന്ന്, അവരുടെ ഓട്ടോ യൂണിയൻപ്രവർത്തകർ കത്തിച്ചു. ഇതു വലിയ മനുഷ്യാവകാശ ലംഘനമാണെന്ന വിമർശനം പൊതുസമൂഹത്തിലും മാധ്യമങ്ങളിലുമുണ്ടായി. ദളിത് പ്രവർത്തകർ പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു. ഗ്രോവാസുവിന്റെയും സി.കെ. ജാനുവിന്റെയും നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്നു പണം ശേഖരിച്ച് അവർക്ക് മറ്റൊരു ഓട്ടോ വാങ്ങി നൽകി. ഓട്ടോ കത്തിച്ചതോടനുബന്ധിച്ച് ചാർജു ചെയ്ത കേസിൽ തലശ്ശേരി സെഷൻസ് കോടതി ഒരാളെ ശിക്ഷിക്കുകയും ചെയ്തു.

ചിത്രലേഖയ്ക്കെതിരേയുള്ള അപ്രഖ്യാപിത ഊരുവിലക്കുമൂലം അവരുടെ ഓട്ടോയിൽ കയറാൻ ജനങ്ങൾക്കു ഭയമായി. ഓട്ടം ലഭിക്കാതെ വരുമാനം ഇല്ലാതായപ്പോൾ ജന്മനാ അഭ്യസിച്ച പായമെടയൽ നടത്തി ഉപജീവനം നടത്താൻ ശ്രമിച്ചു. അതിനും പാർട്ടിപ്രവർത്തകർ സമ്മതിച്ചില്ല. അവരുടെ വീട്ടിലേക്കുള്ള വഴി കെട്ടിയടച്ചു. അവരെയും ഭർത്താവിനെയും അനുജത്തിയുടെ ഭർത്താവിനെയും ആക്രമിച്ചു. വീടു തല്ലിത്തകർത്തു. പൊലീസ് കേസ് എടുത്തത് വീടു നഷ്ടപ്പെട്ട ചിത്രലേഖയ്ക്കും ഭർത്താവിനുമെതിരേയായിരുന്നു. ഹൈക്കോടതിയിൽനിന്നു ലഭിച്ച ജാമ്യത്തോടെ ഒരു മാസം കഴിഞ്ഞപ്പോൾ അവർ ജയിൽമോചിതയായി. ദളിതർക്ക് അവകാശപ്പെട്ടതും സർക്കാർ അനുവദിച്ചതുമായ ശുചിമുറിനിർമാണത്തിനനുവദിച്ച തുകപോലും പ്രാദേശികപാർട്ടി നേതാക്കൾ ഇടപെട്ടു തടഞ്ഞു. ഇതു ചോദ്യം ചെയ്തതിന്റെ പേരിലും അറസ്റ്റുണ്ടായി. ഭർത്താവിനെ ഗുണ്ടാലിസ്റ്റിലുംപെടുത്തി. ദളിത് സ്ത്രീയെ നിലയ്ക്കു നിർത്തണമെന്നാവശ്യപ്പെട്ട് നാട്ടിൽ സിപിഎം പ്രകടനം സംഘടിപ്പിച്ചു.

ചിത്രലേഖയ്ക്കെതിരേ പൊലീസ് എടുത്ത വധശ്രമക്കേസ് റദ്ദാക്കണമെന്നും കുടുംബത്തെ ജീവിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു ചിത്രലേഖ കളക്ട്രേറ്റ് പടിക്കൽ അനിശ്ചിതകാലസമരം നടത്തി. വധശ്രമക്കേസ് റദ്ദാക്കാനുള്ള ശിപാർശ നൽകാൻ ജില്ലാകളക്ടർ തയ്യാറായെങ്കിലും പൊലീസ് എതിർത്തു. സർക്കാർ പുനരധിവാസം ഉറപ്പുനൽകിയതോടെ നാലു മാസം നീണ്ട സമരം ഒത്തുതീർപ്പിലായി. പ്രാദേശിക എതിർപ്പിനെത്തുടർന്ന് സർക്കാർ വാക്കുപാലിക്കാതായപ്പോൾ ചിത്രലേഖ സമരമുഖം സെക്രട്ടേറിയറ്റിനു മുന്നിലേക്കു മാറ്റി. 47 ദിവസത്തെ സമരത്തെത്തുടർന്ന് ഉമ്മൻചാണ്ടിസർക്കാർ ചിത്രലേഖയ്ക്കു വീടുവയ്ക്കാൻ അഞ്ചുസെന്റു സ്ഥലവും നിർമാണത്തിന് അഞ്ചു ലക്ഷം രൂപയും അനുവദിച്ചു. എന്നാൽ, ഈ ദളിത്സ്ത്രീയോടുള്ള ശത്രുത മനസ്സിൽ സൂക്ഷിച്ച പ്രാദേശിക സിപിഎം നേതൃത്വത്തിന്റെ ആവശ്യപ്രകാരം, ഉമ്മൻചാണ്ടി സർക്കാർ നൽകിയ ധനസഹായ ഉത്തരവും പിന്നാലെ അഞ്ചു സെന്റ് ഭൂമി നൽകിയ ഉത്തരവും അധികാരത്തിലെത്തിയ പിണറായി സർക്കാർ റദ്ദാക്കി.

ഇതേത്തുടർന്ന്, ചിത്രലേഖ ഫേസ്ബുക്കിൽ ഇട്ട പോസ്റ്റാണ് ഈ ദളിത്‌വനിതയെ കേരളം മുഴുവൻ ശ്രദ്ധിക്കാൻ ഇടയാക്കിയത്. റവന്യൂവകുപ്പിന്റെ ഉത്തരവിന്റെ പകർപ്പോടെ അവർ ഇപ്രകാരം കുറിച്ചു: "ഞാൻ ജീവിക്കാൻവേണ്ടി സമരം ചെയ്തു നേടിയ അഞ്ചു സെന്റ് ഭൂമി പിണറായി സർക്കാർ റദ്ദാക്കി. എന്നെ ഇനിയും ജീവിക്കാൻ വിടുന്നില്ലായെങ്കിൽ സഖാവ് പിണറായി എന്നെയും കുടുംബത്തെയും കൊന്നിട്ട് ആ ശവം പച്ചയ്ക്കു തിന്നുന്നതാ നല്ലത്." അയിത്തത്തിനും അനാചാരത്തിനുമെതിരേ ഘോരഘോരം പ്രസംഗിക്കുന്നവർതന്നെ ഒരു ദളിത്‌യുവതിയെ പ്രയാസപ്പെടുത്തുന്നത് സമ്പൂർണസാക്ഷരത കൈവരിച്ച കേരളത്തിലാണെന്നു ചിന്തിക്കാൻ കഴിയുന്നില്ല.

സർക്കാർഭൂമി ലഭിക്കില്ലെന്നായതോടെ മുസ്ലീംലീഗിന്റെ മുൻ എം.എൽ.എ. കെ.എം. ഷാജിയുടെയും ദളിത് സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ കാട്ടാമ്പള്ളിയിൽ വീടുവച്ചു നല്കുകയാണുണ്ടായത്.

നാമിന്നനുഭവിക്കുന്ന സമത്വവും സാഹോദര്യവും ഭാരതത്തിലെ മറ്റൊരു സംസ്ഥാനത്തും അനുഭവിക്കാനാവുകയില്ലെന്ന മലയാളിയുടെ വീമ്പുപറച്ചിലിനേറ്റ കനത്ത പ്രഹരമാണ് ഈ ദളിത്‌യുവതിയുടെ ജീവിതാനുഭവങ്ങൾ. തനിക്കിഷ്ടമുള്ള ജോലി ചെയ്യാനും താനാഗ്രഹിക്കുന്ന ഒരുവനെ വിവാഹം ചെയ്യാനും പൂർണ സ്വാതന്ത്ര്യം നൽകുന്ന ഭരണകൂടവും അതിന്റെ അടിസ്ഥാനമായി നിൽക്കുന്ന ഭരണഘടനയുമുള്ള ഒരു നാട്ടിൽ സംഭവിച്ച ഇത്തരം ദുരനുഭവങ്ങൾ ഇനിയും ആവർത്തിച്ചുകൂടാ. ജനക്ഷേമം ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന ഏതു സർക്കാരിനും ഇത് അപമാനകരമാണ്. നീതിയും ന്യായവും നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഏതൊരു പൗരന്റെയും മനസ്സിൽ വേദനയുളവാക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാർട്ടിയുടെ പ്രത്യയശാസ്ത്രക്കണ്ണുകളെ മാറ്റിവച്ച് മനുഷ്യന്റെ കരുണയുടെയും ദയയുടെയും കണ്ണുകൾകൊണ്ടു കാണുമ്പോൾ മാത്രമേ വേദനിക്കുന്നവന്റെ ഹൃദയങ്ങളിൽ ആശ്വാസം പകരുവാനാകൂ എന്ന സത്യം മനസ്സിലാക്കാൻ നാം ഇനിയും എത്രദൂരം സഞ്ചരിക്കണം! ■





കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികൾക്കായി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ ഏകദിനക്യാമ്പ് രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ സമീപം.



ജോസ് ഇടിക്കുള രചിച്ച് ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ 'സങ്കീർത്തനധ്യാനചിന്തകൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ സെന്റ് തോമസ് പ്രസ് അസി. മാനേജർ ഫാ. മാത്യു തെന്നാട്ടിലിനു കോപ്പി നല്കി നിർവഹിക്കുന്നു. ഗ്രന്ഥകാരൻ, അനില ഇടിക്കുള, ലിസി വറുഗീസ്, പി.ആർ.അപ്പുക്കുട്ടൻ, ജോണി തോമസ് മണിമല എന്നിവർ സമീപം.

## കാഴ്ചയ്ക്കപ്പുറം

**വീയെൻ**

# അന്വേഷണവും കിഷ്കിന്ധാകാണ്ഡവും


**2020** ലാണ് അന്വേഷണം എന്ന സിനിമ പുറത്തിറങ്ങിയത്. പ്രശോഭ് വിജയൻ സംവിധാനം ചെയ്ത ചിത്രത്തിൽ ജയസൂര്യയും ശ്രുതി രാമചന്ദ്രനുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചത്. പരസ്യക്കമ്പനിയിൽ ജോലിചെയ്യുന്ന ഭർത്താവും ഭാര്യയും രണ്ടു മക്കളുമടങ്ങുന്ന കുടുംബം. സന്തോഷകരമായ കുടുംബജീവിതം. ഒരു ദിവസം ഭർത്താവിന് ഒരു ഫോൺകോൾ വരുന്നു. മൂത്തമകന് വീട്ടിൽവച്ച് ഒരു അപകടം! ആശുപത്രിയിൽ കുട്ടിയെ എത്തിച്ചുവെങ്കിലും അവന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. കുട്ടിയുടെ ശരീരത്തിൽ കണ്ട ചില മുറിവുകൾ സംശയാസ്പദമായി തോന്നിയതിനാൽ ആശുപത്രിയധികൃതർ പൊലീസിൽ വിവരം അറിയിക്കുകയും മരണത്തെക്കുറിച്ച് അന്വേഷണമാരംഭിക്കുകയും ചെയ്യുന്നു. അതിനിടയിൽ മകൻ മരിച്ചതിന്റെ കാരണം ജയസൂര്യയുടെ അച്ഛൻ കഥാപാത്രം തിരിച്ചറിയുകയും മകന്റെ മരണത്തിനു മനഃപൂർവമല്ലാതെ കാരണക്കാരിയായ ഭാര്യയെ നിയമത്തിൽനിന്നു രക്ഷപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

അതിശയകരമെന്നു പറയട്ടെ, സമാനത പുലർത്തുന്ന കഥതന്നെയാണ് 2024 ൽ ഓണച്ചിത്രമായി പുറത്തിറങ്ങിയ, ഹിറ്റ്ചാർട്ടിൽ ഇതിനകം ഇടം നേടിക്കഴിഞ്ഞ കിഷ്കിന്ധാകാണ്ഡം അവതരിപ്പിച്ചിരിക്കുന്നതും. പക്ഷേ, അന്വേഷണം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയ ഒരു സിനിമയായതുകൊണ്ട് കിഷ്കിന്ധാകാണ്ഡവും അന്വേഷണവും തമ്മിലുള്ള സമാനതകൾ ഇതുവരെയും ഒരിടത്തും പരാമർശിച്ചുകണ്ടിട്ടില്ല. സമാനതകൾ പലതുമുണ്ടെന്നു കരുതി കിഷ്കിന്ധാകാണ്ഡം 'അന്വേഷണ'ത്തിന്റെ കോപ്പിയടിയാണെന്നു തെറ്റിദ്ധരിക്കരുത്. കുബുദ്ധികൾക്കുപോലും അങ്ങനെയൊന്ന് ആരോപിക്കാനുമാവില്ല. കാരണം, അന്വേഷണത്തെക്കാൾ സങ്കീർണവും ഉൾപ്പിരിവുകൾ ഏറെയുള്ളതും സംഘർഷങ്ങളുടെ വിവിധ അടരുകൾ ഉള്ളതുമായ ക്ലാസ്മൂവിയാണ് കിഷ്കിന്ധാകാണ്ഡം.

അന്വേഷണം ശരാശരി ചിത്രമായി നിലകൊണ്ടപ്പോൾ കിഷ്കിന്ധാകാണ്ഡം എല്ലാ രീതിയിലും ഉദാത്തമായി പരിണമിച്ചു. പല കാരണങ്ങൾകൊണ്ടും സമീപകാല മലയാളസിനിമയിലെ മറ്റേതൊരു സിനിമയെയും അതിശയിപ്പിക്കുന്ന ക്രാഫ്റ്റും ദൃശ്യപരിചരണവും കൊണ്ടാണ് പ്രസ്തുത സിനിമ ആ പദവി നേടിയിരിക്കുന്നത്.

ഭാര്യയെ കുറ്റക്കാരിയാക്കാതിരിക്കാൻ ശ്രമിക്കുന്ന ഭർത്താക്കന്മാരെയാണ് അന്വേഷണത്തിലും കിഷ്കിന്ധാകാണ്ഡത്തിലും കാണുന്നത്. അന്വേഷണത്തിൽ ആ ആത്മസംഘർഷം ഭർത്താവ്/അച്ഛൻ എന്നീ നിലകളിൽ അനുഭവിക്കുമ്പോൾ കിഷ്കിന്ധാകാണ്ഡത്തിൽ അത് അച്ഛൻ, മകൻ, ഭർത്താവ് എന്നീ നിലകളിൽക്കൂടി കടന്നു തീവ്രമായ ആത്മസംഘർഷത്തിലേക്കാണ് കേന്ദ്രകഥാപാത്രം എത്തിച്ചേരുന്നത്. രണ്ടു സിനിമകളിലും നായകന്മാർക്കു സത്യമറിയാം. എന്നിട്ടും അവർ സത്യം അറിയാത്തവരെപ്പോലെ നടിക്കുന്നു. പ്രിയപ്പെട്ടവരെ രക്ഷപ്പെടുത്താനുള്ള അവരുടെ ശ്രമങ്ങൾക്കിടയിൽ കഠിനമായ ആത്മസംഘർഷങ്ങളിലൂടെയാണ് അവർ കടന്നുപോകുന്നത്. കിഷ്കിന്ധാകാണ്ഡത്തിലാവട്ടെ, മകൻ മരിച്ചുവെന്ന സൂചന കിട്ടുന്നത് ഇടവേളയോടെ മാത്രമാണ്. അതുവരെ കാണാതെപോയ ഒരാൾ എന്ന നിലയിലാണ് മകനെ അവതരിപ്പിച്ചിരുന്നത്. പക്ഷേ, 'അന്വേഷണ'ത്തിൽ മകൻ മരിച്ചതു തുടക്കത്തിൽത്തന്നെ വെളിപ്പെടുത്തുന്നുണ്ട്. രണ്ടാം ഭാര്യ തന്റെ അച്ഛനെയാണ് മകന്റെ തിരോധാനത്തിന്റെ പേരിൽ സംശയിക്കുന്നത് എന്നറിയുമ്പോഴാണ് കിഷ്കിന്ധാകാണ്ഡത്തിലെ നായകന് ആ സത്യം വെളിപ്പെടുത്തേണ്ടിവന്നത്. മകന്റെ മരണത്തിനു പിന്നിലെ എല്ലാ സത്യങ്ങളും മനസ്സിലാക്കിയിട്ടും ഒന്നുമറിയാത്തവനെപ്പോലെ നടിച്ച് എവിടെയോ അവൻ ജീവിച്ചിരിക്കുന്നുണ്ടെന്നു ഭാവിച്ച് അജയചന്ദ്രൻ അന്വേഷണം തുടരുന്നതിലെ ഭാരം പ്രേക്ഷകന് തന്റെ ഹൃദയംകൊണ്ടനുഭവിക്കാൻ കഴിയുന്നവിധത്തിൽ ആവിഷ്കരിക്കാൻ കിഷ്കിന്ധാകാണ്ഡത്തിനു കഴിഞ്ഞിട്ടുണ്ട്.

മക്കളുടെ കുസൃതിയാണ് സത്യത്തിൽ രണ്ടു ചിത്രത്തിലും സംഭവഗതികളെ സംഘർഷഭരിതമാക്കുന്നത്. മക്കളുടെ കുസൃതി വികൃതിയായി പരിണമിക്കുമ്പോൾ മാതാപിതാക്കൾ അതിൽ ഇടപെടുന്നതു സ്വാഭാവികമാണ്. പക്ഷേ, അത്തരം ഇടപെടലിൽ എവിടെയോ സംഭവിച്ചുപോകുന്ന ഒരു അബദ്ധം ജീവനഷ്ടത്തിനു തന്നെ കാരണമാകുമ്പോഴോ? പിന്നീട് അതിനെത്തുടർന്നു മാതാപിതാക്കൾ കടന്നുപോകുന്ന ആത്മസംഘർഷങ്ങൾ മാതാപിതാക്കളായ പ്രേക്ഷകർക്കായിരിക്കും ഒരുപക്ഷേ ഏറ്റവും കൂടുതൽ തീവ്രതയോടെ അനുഭവിക്കാൻ സാധിക്കുകയുള്ളൂവെന്നു തോന്നുന്നു.



മക്കളോടു ദേഷ്യപ്പെടുകയോ ശാസിക്കുകയോ ശിക്ഷിക്കുകയോ അവർ ചെയ്യുന്ന തെറ്റു തിരുത്തിക്കൊടുക്കുകയോ ചെയ്യാത്ത മാതാപിതാക്കളുണ്ടോ? ഇല്ല. പക്ഷേ, അവയ്ക്കിടയിൽ സംഭവിക്കുന്ന അവിചാരിതമായ അപകടം-കൈയബദ്ധം-ഭീതിദമായ അവസ്ഥയ്ക്കു വഴിയൊരുക്കുമ്പോഴോ? ഏതൊരു കുടുംബത്തിലും സംഭവിക്കാവുന്ന ഒരു അപകടമാണ് ഈ രണ്ടു ചിത്രങ്ങളും വരച്ചുകാട്ടുന്നത്. അതുകൊണ്ടു തന്നെയാണ് മിസ്റ്ററി എന്നതിനപ്പുറം ഒരു കുടുംബചിത്രമായിക്കൂടി ഈ ചിത്രത്തെ സമീപിക്കേണ്ടത്.

ഒരേകാലത്തു ജീവിച്ചിരിക്കുന്ന, സമാനചിന്താഗതിക്കാരുടെ തരംഗദൈർഘ്യങ്ങൾ ഒരുപോലെ സഞ്ചരിക്കുമെന്നു പറയപ്പെടുന്നതു ശരിവയ്ക്കുന്നവയാണ് അന്വേഷണത്തിന്റെയും കിഷ്കിന്ധാകാണ്ഡത്തിന്റെയും കഥകൾ തമ്മിലുള്ള സാമ്യം. കഥാകൃത്തുക്കൾ ഒരേപോലെ ചിന്തിക്കുകയും കഥ ഉൾക്കൊള്ളുകയും ചെയ്യുന്നുവെന്നതിനു മറ്റൊരു ഉദാഹരണംകൂടിയുണ്ട് മലയാളസിനിമയിൽ. പവി കെയർടേക്കർ എന്ന ദിലീപ് സിനിമയും ഒരു കട്ടിൽ ഒരു മുറി എന്ന ഹക്കീംഷായുടെ ചിത്രവുമാണ് ഇവിടെ പരാമർശിക്കുന്നത്.

ഒരു വാടകവീട്ടിലെ ഒരു മുറിയിൽ രണ്ടു സമയങ്ങളിൽ താമസിക്കുന്ന നായകനും നായികയുമാണ് ഈ രണ്ടു സിനിമകളിലുമുള്ളത്. രണ്ടുപേരും തമ്മിൽ മുറിയിൽവച്ചു കണ്ടുമുട്ടുന്നതുമില്ല. പരസ്പരം കാണാതെയും ഏതോ ഒരു ആത്മബന്ധം അവർക്കിടയിൽ രൂപമെടുക്കുന്നു. പ്രസ്തുതകഥകൾ തമ്മിലുള്ള സാമ്യത്തെ മോഷണമെന്നു പറയാനും കഴിയില്ല. ഒരേപോലെ ചിന്തിക്കുകയും ഒരുപോലെ മനസ്സിൽ കഥകൾ ജനിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഇതുപോലെ വേറേയുമുണ്ട്. ഒരേ കാലത്തിൽ ജീവിച്ചിരിക്കുന്നവരുടെ തരംഗദൈർഘ്യങ്ങൾ ഒരേപോലെ സഞ്ചരിക്കുന്നുവെന്ന് ആശ്വസിക്കുകമാത്രമേ നമുക്കു ചെയ്യാനുള്ളൂ. ■

---

## കിഴക്കൻകാറ്റ്

*11-ാം പേജ് തുടർച്ച*

എണീറ്റ്, അച്ചനോടു യാത്ര പറഞ്ഞിട്ട് അവൾ പുറത്തേക്കിറങ്ങി.

അവൾക്കു സന്തോഷവും ഒപ്പം സങ്കടവും വന്നു. സ്നേഹനിധിയായ അച്ചൻ ഈ ഇടവകവിട്ടു പോകുകയാണല്ലോ എന്നതായിരുന്നു സങ്കടം.

വീട്ടിൽ ചെന്നുകയറിയ ഉടനെ അവൾ അമ്മയോടു വിവരം പറഞ്ഞു.

"ദൈവമേ... അഞ്ചുലക്ഷം രൂപായോ? എന്റെ മോളുടെ പ്രാർഥന കൊണ്ടാ ദൈവം അയാളെക്കൊണ്ട് ഇങ്ങനെ തോന്നിപ്പിച്ചത്." സിസിലിയുടെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റില്ലായിരുന്നു.

"എന്നാലും... അച്ചൻ പോകാണല്ലോന്നോർക്കുമ്പോൾ ഒരു വിഷമം അമ്മേ."

"ആ വിഷമം എനിക്കുമുണ്ട് മോളേ. ഇത്രയും സ്നേഹമുള്ള ഒരച്ചൻ ഈ ഇടവകേല് മുമ്പു വന്നിട്ടേയില്ല. അച്ചന്റെ വീട്ടിലെ ഒരംഗത്തെപ്പോലെയായിരുന്നു നമ്മളെ കണ്ടിരുന്നത്. ഇനി വരുന്ന അച്ചൻ എങ്ങനുള്ളതാന്ന് ആർക്കറിയാം."

"ങ്ഹ... ചോറുവിളമ്പ് അമ്മേ. വിശക്കുന്നുണ്ട്." അതു പറഞ്ഞിട്ട് അവൾ വേഷം മാറാനായി കിടപ്പുമുറിയിലേക്കു പോയി.

വേഷം മാറിയിട്ട് അലമാര തുറന്ന് ബാങ്കിന്റെ പാസ് ബുക്ക് എടുത്ത്, അക്കൗണ്ട് വിവരങ്ങളുള്ള പേജിന്റെ ഫോട്ടോ എടുത്ത് അപ്പോൾത്തന്നെ അച്ചനു വാട്സ്ആപ്പ് ചെയ്തു.

സിസിലിയും എൽസയും ഒരുമിച്ചിരുന്നാണ് ഊണുകഴിച്ചത്. ആ സമയമത്രയും വികാരിയച്ചനെപ്പറ്റിയായിരുന്നു അവരുടെ സംസാരം.

ഒരാഴ്ച പിന്നിട്ടപ്പോൾ എൽസയുടെ അക്കൗണ്ടിലേക്ക് അഞ്ചുലക്ഷം രൂപ എത്തി. പറഞ്ഞറിയിക്കാനാവാത്ത സന്തോഷമായിരുന്നു സിസിലിക്ക്. അച്ചനെ ഫോണിൽ വിളിച്ച് അവർ ഒരുപാട് നന്ദി പറഞ്ഞു. എൽസ നേരിട്ട് പള്ളിമേടയിലെത്തിയാണ് നന്ദി പറഞ്ഞത്. അച്ചന്റെ മുമ്പിലിരുന്ന് അവൾ കരഞ്ഞപ്പോൾ അച്ചൻ പറഞ്ഞു:

"നീ സന്തോഷമായിട്ടിരിക്ക് കൊച്ചേ. ഞാനിവിടുന്നു പോയാലും നിങ്ങളെയൊന്നും മറക്കില്ല. പ്രാർഥനയിൽ നിന്നെ പ്രത്യേകം ഓർത്തു നിനക്കുവേണ്ടി ഞാൻ പ്രാർഥിച്ചോളാം."

എൽസ ബദ്ധപ്പെട്ട് കരച്ചിൽ ഒതുക്കി കണ്ണുനീർ ഒപ്പി.

രണ്ടാഴ്ച കഴിഞ്ഞ് ഒരു ഞായറാഴ്ച അറിയിപ്പുകൾ പറയുന്നതിനിടെ ഫാ. മാത്യു കുരിശിങ്കൽ ഇങ്ങനെ പറഞ്ഞു:

"അടുത്ത ശനിയാഴ്ച ഞാനീ ഇടവകയിലെ അജപാലനശുശ്രൂഷ അവസാനിപ്പിച്ച് മറ്റൊരു ഇടവകയിലേക്കു സ്ഥലം മാറി പോകുകയാണ്. എന്റെ നാല്പത്തിയാറു വർഷത്തെ വൈദികജീവിതത്തിൽ പന്ത്രണ്ടു പള്ളികളിൽ വികാരിയായും ഏഴു പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും ശുശ്രൂഷ ചെയ്യാൻ എനിക്കു കഴിഞ്ഞു. അക്കൂട്ടത്തിൽ നഗരങ്ങളിലുള്ള പള്ളികളുമുണ്ട് ഗ്രാമങ്ങളിലുള്ള പള്ളികളുമുണ്ട്. എന്റെ അനുഭവത്തിൽ ഗ്രാമങ്ങളിലുള്ള ഇടവകയിലെ ആളുകൾക്കാണ് കൂടുതൽ സ്നേഹം എന്നു തോന്നിയിട്ടുണ്ട്. പ്രത്യേകിച്ച് ഈ കുറുക്കൻകുന്ന് ഇടവകയിലെ ആളുകൾക്ക്. നിങ്ങൾ എന്നെ സ്നേഹിച്ചയത്രയും വേറൊരു ഇടവകയിലെയും ആളുകൾ എന്നെ സ്നേഹിച്ചിട്ടില്ല. എനിക്കും ഈ ഇടവകയിലെ ആളുകളുമായി ഒരാത്മബന്ധമുണ്ടായിരുന്നു. ഓരോരുത്തരുടെയും പേരുപോലും എനിക്കു ഹൃദിസ്ഥമാണ്. കാട്ടുമൃഗങ്ങളോടും പേമാരിയോടും ഉരുൾപൊട്ടലിനോടുമെല്ലാം മല്ലിട്ട്, അതിനെയെല്ലാം അതിജീവിച്ച് ഈ മലമുകളിൽ നിങ്ങൾക്കു ജീവിക്കാൻ സാധിക്കുന്നതും നിങ്ങളുടെ ഒത്തൊരുമകൊണ്ടുമാത്രമാണ്. ഈ സ്നേഹവും സഹകരണവും ഇനിയും നിങ്ങൾ തുടരണം. മൂന്നുവർഷം ഇവിടുണ്ടായിരുന്ന എന്റെ ജീവിതത്തിൽ എനിക്കു പറ്റുന്ന സഹായങ്ങളൊക്കെ നിങ്ങൾക്കു ചെയ്തു തരാൻ എനിക്കു കഴിഞ്ഞിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. ഞാനറിഞ്ഞോ അറിയാതെയോ ആർക്കെങ്കിലും മനോവേദന ഉണ്ടാക്കിയ ഒരു പ്രവൃത്തി എന്നിൽനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ ക്ഷമിക്കണം എന്നുകൂടി ഈ അവസരത്തിൽ അഭ്യർഥിക്കയാണ്.

പൂച്ചപ്പാറ ഇടവകയിൽ നിങ്ങൾ എപ്പോഴെങ്കിലും വരികയാണെങ്കിൽ എന്നെ വന്നു കാണണം. നിങ്ങളുടെ സന്ദർശനം എനിക്ക് എപ്പോഴും സന്തോഷം പകരുകയേയുള്ളൂ. മറ്റൊരുകാര്യം പറയാനുള്ളത് സ്ഥലം മാറിപ്പോകുന്ന എനിക്ക് പാരിതോഷികമായി നിങ്ങൾ ഒരുമിച്ചോ ഒറ്റയ്ക്കോ ഒന്നും വാങ്ങിത്തരേണ്ടതില്ല. അതിനായി ഒരു പൈസ പോലും ഈ ഇടവകയിൽനിന്നു പിരിക്കരുത്. നിങ്ങളുടെ സ്നേഹംമാത്രം മതി പാരിതോഷികമായിട്ട് ഈ അച്ചന്. യാത്രയയപ്പിന് വാഹനങ്ങളുടെ അകമ്പടിയും വേണ്ട. ഒരു കാറു മാത്രം അറേഞ്ച് ചെയ്താൽ മതി. ആർഭാടവും അധികച്ചെലവുമൊക്കെ ഒഴിവാക്കണമെന്ന് ഞാൻ പള്ളിയിൽ പ്രസംഗിച്ചിട്ട് എന്റെ കാര്യം വരുമ്പോൾ അതൊക്കെ തെറ്റിക്കുന്നതു ശരിയല്ലല്ലോ. പ്രസംഗിക്കുന്നതുപോലെ തന്നെ ജീവിക്കണമെന്നും ആഗ്രഹിക്കുന്ന ഒരു വൈദികനാ ഞാൻ. നിങ്ങൾ എനിക്കു തന്ന സ്നേഹത്തിന് ഒരിക്കൽക്കൂടി ഞാൻ നന്ദി പറയുന്നു. എല്ലാവർക്കും നല്ലതുവരട്ടെ!

അച്ചൻ അവസാനിപ്പിച്ചപ്പോൾ എല്ലാവരുടെയും കണ്ണുനിറഞ്ഞുപോയി. സിസിലിയും എൽസയും കൈ ഉയർത്തി കണ്ണുതുടച്ചു.

(തുടരും)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 32 Date of Publication 10 October 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

DEI Ed ഹിന്ദി ട്രെയിനിങ്

NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലന മായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാവിശാരദ്, കേരളഹിന്ദിപ്രചാരസഭയുടെ ഹിന്ദിഭൂഷൺ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

KTS PRODUCTS

ഈ നാടിന്റെ ഉൽപ്പന്നം



അതേ രുചി...
അതേ ഗുണം...
70 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം

ISO 9001:2015 CERTIFIED COMPANY

Tastit
ടേസ്റ്റിറ്റ്

Customer Care 82810-42942

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം



നന്മ ഹോം നഴ്സിങ്
Reg No. K. 252/2024
H.O. പാലാ Br. കൊഴുവനാൽ

ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം
വീട്ടുജോലി | ബേബി കെയർ
പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും
ഈ നമ്പറുകളിൽ ബന്ധപ്പെടുക

PH: 9074248155, 7025092689, 8547743590

100 ശതമാനം ഉത്തരവാദിത്വം

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org